بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 4

വാർഷിക വരിസംഖ്യ 500 രൂപ

ലക്കം 42

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ഒക്ടോബർ 17/ഹി:ശം:1398 അഖാഅ് 17/ഹി:ഖ: 1441 സ്വഫർ 17

**അല്ലാഹുവിന്റെ വചനം**

وَلَا تَہِنُوۡا
وَلَا تَحۡزَنُوۡا
وَاَنۡتُمُ الۡاَعۡلَوۡنَ
اِنۡ کُنۡتُمۡ مُّؤۡمِنِیۡنَ۝

(آل عمران:140)

'നിങ്ങൾ ബലഹീനത കാണിക്കരുത്; വ്യസനിക്കുകയുമരുത്. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയായിരിക്കും വിജയികൾ.'(3:140)

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നബി(സ)തിരുമേനിയുടെ കാലഘട്ടത്തെ അല്ലാഹു അന്ധകാരത്തിലും വഴികേടിലും കണ്ടപ്പോൾ**
**നാലുഭാഗത്തുനിന്നും വഴികേടിന്റേയും അന്ധകാരത്തിന്റേയും കാർമേഘം**
**ലോകത്തിനുമേൽ വീണപ്പോൾ ആ അന്ധകാരത്തെ അകറ്റുന്നതിനും**
**മാർഗഭ്രംശത്തെ സന്മാർഗത്തിലേക്കും സൗഭാഗ്യത്തിലേക്കും മാറ്റുന്നതിനുവേണ്ടി**
**ഒരു സിറാജുൻമ്മുനീർ ഫാറാൻ പർവ്വതത്തിൽ വിളങ്ങി.**
**അതായത് നബി(സ)തിരുമേനി നിയോഗിതനായി.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### വിശുദ്ധഖുർആനിന്റെ നാമം 'ദിക്ർ' എന്നുവെക്കാനുള്ള കാരണം

നോക്കൂ! വിശുദ്ധ ഖുർആന് ദിക്ർ എന്ന് പേരുവെക്കപ്പെട്ടിരിക്കുന്നത് മനുഷ്യന്റെ ആന്തരികമായ ശരീഅത്തിനെ അത് ഓർമപ്പെടുത്തുന്നതുകൊണ്ടാണ്. വിശുദ്ധഖുർആൻ പുതിയ അധ്യാപനങ്ങളൊന്നും കൊണ്ടുവന്നിട്ടില്ല. പ്രത്യുത മനുഷ്യന്റെ ഉള്ളിൽ വിവിധ ശക്തികളുടെ രൂപത്തിൽ നിക്ഷേപിച്ചിട്ടുള്ള ആന്തരിക ശരീഅത്തിനെ ഓർമപ്പെടുത്തുകയാണ് ചെയ്യുന്നത്. സൗമ്യതയുണ്ട്. സമർപണമുണ്ട്. ധീരതയുണ്ട്. ബലാൽക്കാരമുണ്ട്. കോപമുണ്ട്. ആത്മസംതൃപ്തി തുടങ്ങിയവയെല്ലാമുണ്ട്. ചുരുക്കത്തിൽ മനുഷ്യപ്രകൃതിയുടെ ഉള്ളിൽ നിക്ഷേപിക്കപ്പെട്ടിരുന്നത് വിശുദ്ധഖുർആൻ ഓർമ്മപ്പെടുത്തി. **ഫീ കിതാബിൻ മ്മക്നൂൻ** (56:79) അതായത് മനുഷ്യപ്രകൃതിയുടെ ഏടുകളിൽ; അത് മറഞ്ഞിരുന്ന ഗ്രന്ഥമായിരുന്നു. അതിനെ എല്ലാവർക്കും കാണാൻ സാധിക്കുമായിരുന്നില്ല. ഇപ്രകാരം ഈ ഗ്രന്ഥത്തിന്റെ പേര് ദിക്ർ എന്നു വിവരിക്കപ്പെട്ടു. അത് വായിക്കുമ്പോൾ ദൈവചൈതന്യമുള്ള മനുഷ്യന്റെ ഉള്ളിൽ നിക്ഷിപ്തമായിരിക്കുന്ന ആന്തരികവും ആത്മീയവുമായ ശക്തികളേയും മനസ്സിന്റെ പ്രകാശത്തേയും അവന് ഓർമവരുന്നു. ചുരുക്കത്തിൽ അല്ലാഹു വിശുദ്ധഖുർആൻ അയച്ചുകൊണ്ട് സ്വയം ഒരു ആത്മീയമായ ദിവ്യദൃഷ്ടാന്തം കാണിച്ചു; മനുഷ്യൻ അവനറിഞ്ഞിട്ടില്ലാത്ത ആ ദൈവജ്ഞാനത്തേയും യാഥാർഥ്യങ്ങളേയും ആത്മീയമായ അമാനുഷികതകളേയും അറിയുന്നതിനുവേണ്ടി. എന്നാൽ, അഹോ കഷ്ടം! വിശുദ്ധഖുർആനിന്റെ ഈ അടിസ്ഥാനപരമായ ഉദ്ദേശ്യത്തെ ഉപേക്ഷിച്ച്– അത് **ഹുദല്ലിൽമുത്തഖീനാണ്**– (2:3) കേവലം കുറച്ച് കഥകളുടെ സമാഹരമായി അത് മനസ്സിലാക്കപ്പെടുന്നു. അങ്ങേയറ്റം അശ്രദ്ധയും സ്വാർഥതയുംകൊണ്ട് അറേബ്യയിലെ അന്യാരാധകരെപോലെ അസാത്വീറുൽ അവ്വലീൻ– ഇതെല്ലാം പൂർവ്വികരുടെ കെട്ടുകഥകളാണെന്നു പറഞ്ഞ് തള്ളിക്കളയുന്നു. നബി(സ) തിരുമേനിയുടെ നിയോഗത്തിന്റേയും വിശുദ്ധഖുർആന്റെ ഇറക്കത്തിന്റേയും ഒരുകാലമുണ്ടായിരുന്നു; ലോകത്തുനിന്ന് കളഞ്ഞുപോയ ശക്തികളെ ഓർമപ്പെടുത്തുന്നതിനുവേണ്ടി അത് വന്നകാലം! ജനങ്ങൾ വിശുദ്ധഖുർആൻ വായിക്കുമെങ്കിലും അവരുടെ തൊണ്ടക്കുഴിയിൽനിന്ന് അത് താഴോട്ടിറങ്ങാത്ത ഒരു കാലം വരുമെന്ന് നബി(സ)തിരുമേനി പ്രവചിച്ച കാലം ഇപ്പോൾ വന്നിരിക്കുന്നു. ആളുകൾ ഖുർആൻ ഈണത്തോടും മനോഹരമായും പാരായണം ചെയ്യുന്നത് നിങ്ങൾ നിങ്ങളുടെ കണ്ണുകൾകൊണ്ട് ഇപ്പോൾ കാണുന്നുണ്ടല്ലോ. പക്ഷേ, അത് അവരുടെ തൊണ്ടക്കുഴിയിൽനിന്ന് താഴോട്ടിറങ്ങുന്നില്ല. അതുകൊണ്ട് വിശുദ്ധഖുർആൻ– അതിന്റെ രണ്ടാമത്തെ പേര് ദിക്ർ എന്നാണ്– ആ പ്രാരംഭകാലത്ത് മനുഷ്യനുള്ളിൽ മറഞ്ഞിരുന്നതും വിസ്മരിക്കപ്പെട്ടുപോയതുമായ സത്യസാക്ഷ്യങ്ങളേയും നിക്ഷേപങ്ങളേയും ഓർമപ്പടുത്തുന്നതിനുവേണ്ടിവന്നു.

### ഇക്കാലഘട്ടത്തിലും ആകാശത്തുനിന്ന് ഒരു അധ്യാപകൻ വന്നു

അല്ലാഹു ഈ കരുത്തുറ്റ വാഗ്ദാനത്തിന്റെ വെളിച്ചത്തിൽ അതായത് **ഇന്നാ ലഹൂ ലഹാഫിളൂന**(15:10) ഇക്കാലഘട്ടത്തിലും ആകാശത്തുനിന്ന് ഒരു മുഅല്ലിം വന്നു. അദ്ദേഹം **ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം** (62:4) എന്നതിന്റെ പ്രതീകവും വാഗ്ദാനം ചെയ്യപ്പെട്ടയാളുമാണ്; അയാളാണ് നിങ്ങളുടെ ഇടയിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ വീണ്ടും നബി(സ)തിരുമേനിയുടെ പ്രവചനത്തിലേക്ക് മടങ്ങിക്കൊണ്ട് പറയുന്നു: നബി(സ)തിരുമേനി ഇക്കാലത്തെക്കുറിച്ച് തന്നെയാണ് വിവരം നല്കിയത്; അതായത് ആളുകൾ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതായിരിക്കും. പക്ഷേ, അത് അവരുടെ തൊണ്ടക്കുഴിയിൽനിന്ന് താഴോട്ടു ഇറങ്ങുകയില്ല. ഇപ്പോൾ നമ്മുടെ എതിരാളി അല്ല, അല്ലാഹുവിന്റെ വാഗ്ദാനങ്ങളെ വിലമതിക്കാത്തവരും നബി(സ) തിരുമേനി പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കാത്തവരും നല്ലവണ്ണം തൊണ്ട പിരിച്ചും തിരിച്ചും **യാ ഈസാ ഇന്നീ മുത്തവഫ്ഫീക്ക വ റാഫിഉക്ക ഇലയ്യ** (3:56) **ഫലമ്മ തവഫ്ഫയ്ത്തനീ** (5:118) ഖുർആനിൽ അത്ഭുതകരമായ ഈണത്തിൽ ഓതുന്നു. പക്ഷേ, മനസ്സിലാക്കുന്നില്ല. ഖേദകരമെന്ന് പറയട്ടെ. ഏതെങ്കിലും വാത്സല്യവാനായ ഉപദേശി മനസ്സിലാക്കിക്കൊടുക്കാനാഗ്രഹിച്ചാൽ, മനസ്സിലാക്കാൻ ശ്രമിക്കുന്നുമില്ല; മനസ്സിലാക്കണ്ട. കുറഞ്ഞപക്ഷം അയാൾ പറയുന്നതൊന്ന് കേൾക്കുക. എന്നാൽ, എന്തിന് കേൾക്കണം? അവന് കേൾവിശക്തി ഉണ്ടാവണം. ക്ഷമയോടും സദുദ്ദേശ്യത്തോടുംകൂടി പ്രവൃത്തിക്കുകയും വേണം. അല്ലാഹു കൃപാവരത്തോടുകൂടി ഭൂമിയിലേക്ക് ശ്രദ്ധിച്ചില്ലായിരുന്നുവെങ്കിൽ ഇസ്ലാമും ഇക്കാലഘട്ടത്തിൽ മറ്റു മതങ്ങളെപോലെ നിർജീവവും ഒരു കഥാകഥനവുംപോലെ മനസ്സിലാക്കപ്പെടുമായിരുന്നു. നിർജീവമായ ഒരു മതത്തിനും മറ്റുള്ളവർക്കാർക്കും ജീവൻ നല്കാൻ സാധിക്കുകയില്ല. പക്ഷേ, ഇസ്ലാം ഈ നേരത്ത് ജീവിതം നല്കാൻ തയ്യാറാണ്. പക്ഷേ, ഒരു ജോലിയും അല്ലാഹു കാര്യഹേതുക്കൾ കൂടാതെ ചെയ്യുന്നില്ല എന്നത് ദൈവനടപടിയാണ്. ആ കാര്യഹേതുക്കൾ നമ്മൾ കാണുകയോ കാണാതിരിക്കുകയോ ചെയ്യുക എന്നത് വേറിട്ട ഒന്നാണ്. പക്ഷേ, കാര്യഹേതുക്കൾ തീർച്ചയായുമുണ്ടാകും എന്നതിൽ സംശയമില്ല. ഇപ്രകാരംതന്നെ ആകാശത്തുനിന്ന് പ്രകാശങ്ങൾ ഇറങ്ങുന്നു. അത് ഭൂമിയിലെത്തി കാര്യഹേതുക്കളുടെ രൂപം സ്വായത്തമാക്കുന്നു. നബി(സ) തിരുമേനിയുടെ കാലഘട്ടത്തെ അല്ലാഹു അന്ധകാരത്തിലും വഴികേടിലും കണ്ടപ്പോൾ നാലുഭാഗത്തുനിന്നും വഴികേടിന്റേയും അന്ധകാരത്തിന്റേയും കാർമേഘം ലോകത്തിനുമേൽ വീണപ്പോൾ ആ അന്ധകാരത്തെ അകറ്റുന്നതിനും മാർഗഭ്രംശത്തെ സന്മാർഗത്തിലേക്കും സൗഭാഗ്യത്തിലേക്കും മാറ്റുന്നതിനുവേണ്ടി ഒരു സിറാജുൻമ്മുനീർ ഫാറാൻ പർവ്വതത്തിൽ വിളങ്ങി. അതായത് നബി(സ)തിരുമേനി നിയോഗിതനായി.

**(മൽഫൂദാത്ത് വാള്യം 1, പേജ് 71–83, ഖാദിയാൻ 2018)**

♦♦♦♦♦

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

**ജനാസ നമസ്കാരം:**

(തുടർച്ച....)മസ്ജിദ് ബയ്ത്തുസ്സമദ് ചുറ്റിക്കണ്ടതിനുശേഷം ഹുദൂർ മസ്ജിദിന്റെ പുറത്തുള്ള കോമ്പൗണ്ടിൽ താഴെ പറയുന്നവരുടെ ജനാസ നിർവ്വഹിച്ചു. അവരുടെ ബന്ധുക്കളെ അനുശോചനവും അറിയിച്ചു.

1. സിദ്ദീഖ സമീഅ് സാഹിബ ഓഫ് സെൻട്രൽ വിർജീനിയ(Central Virginia). അവർ ഒക്ടോബർ 17-ന് വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* തുഫയ്ൽ മലിക് സാഹിബിന്റെ മകളായ അവർക്ക് ഹദ്റത്ത് മുസ്ലിഹ് മൗഊദിന്റെ കൈയിൽ ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു. അവരുടെ വിവാഹം ഹദ്റത്ത് മുൻശി ഇസ്മായീൽ സാഹിബ് സിയാൽക്കോട്ടി(റ)യുടെ ചെറുമകനായ റിട്ടയേർഡ് മേജർ അബ്ദുസ്സമീഅ് മർഹൂമുമായാണ് നടന്നത്. ഖിലാഫത്തിനോട് കൂറ് പുലർത്തിയരുന്ന അവർ നമസ്കരത്തിൽ പ്രത്യേകം നിഷ്കർഷത പുലർത്തിയിരുന്നു. അവർക്ക് മൂന്ന് ആൺകുട്ടികളും രണ്ട് പെൺകുട്ടികളുമുണ്ട്.

2. കൗസർ പാൽ സാഹിബ ഓഫ് സെൻട്രൽ വിർജീനിയ(Central Virginia). 2018 ഒക്ടോബർ 18-ന് അവർ വഫാത്തായി. മൻസൂർ അഹ്മദ് പാൽ സാഹിബിന്റെ പത്നിയായ ഇവർ കഴിഞ്ഞ ആറ് മാസമായി രോഗിയായിരുന്നു. മൂസിയായിരുന്ന അവർക്ക് ജമാഅത്ത് സംവിധാനവുമായി ആഴത്തിലുള്ള ബന്ധമായിരുന്നു. അവരുടെ മകൻ ഫൗസാൻ പാൽ സാഹിബ് തദ്ദേശ ജമാഅത്തിലെ ജനറൽ സെക്രട്ടറിയും മജ്ലിസ് അൻസ്വാറുല്ലാഹ് സദ്റുമാണ്. ഒരു മകളുണ്ട്; പേര് ദർദാന ഇഖ്ബാൽ സാഹിബ.

ജനാസ നമസ്കാരത്തിനു ശേഷം ഹുദൂർ ളുഹ്ർ അസ്ർ നമസ്കാരം മസ്ജിദിൽ ജംആക്കി നമസ്കരിപ്പിച്ചു. ശേഷം ലജ്നാ ഹാളിലേക്കു പോയി. ലജ്നകൾ ഹുദൂറിനെ സിയാറത്ത് ചെയ്ത് സംതൃപ്തരായി.

മസ്ജിദിന്റെ കോമ്പൗണ്ടിൽ ഒരു ചെടി നട്ടതിനുശേഷം ഫോട്ടോ സെഷനിലേക്ക് പോയി. ബാൾട്ടി മൂർ ജമാഅത്ത് ആമിലയും അൻസ്വാർ, ഖുദ്ദാം ആമിലയും വെവ്വേറെ ഫോട്ടോ എടുത്തു. ലജ്നകൾ കൂടിയതു കൊണ്ട് പാർക്കിംഗ് ഏരിയയിലും അവർക്ക് വേണ്ടി ഒരു പന്തലിട്ടിരുന്നു. ഹുദൂർ അവിടേയും സന്ദർശിച്ചു. അവരും തക്ബീർ ധ്വനികളോടൊപ്പം ഹുദൂറിനെ ദർശിക്കാൻ സാധിച്ചതിലുള്ള സന്തോഷം പ്രകടിപ്പിച്ചു. 3.15-ന് ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

**മസ്ജിദ് ബയ്ത്തുസ്സമദിന്റെ ഉൽഘാടനം:**

5 മണിക്ക് ഹുദൂർ ഹിൽട്ടൺ ഹോട്ടലിലേക്ക് പറപ്പെട്ടു. മസ്ജിദ് ബയ്ത്തുസ്സമദിന്റെ ഉൽഘാടനവുമായി ബന്ധപ്പെട്ട് അവിടെ ഒരു പരിപാടി സംഘടിപ്പിച്ചിരുന്നു.പോലീസിന്റെ 5 വാഹനം ഹുസൂറിന് അകമ്പടി നൽകിയിരുന്നു. 5.20-ന് ഹുദൂർ ഹിൽട്ടനിലെത്തി.

**പ്രസ് കോൺഫ്രൻസ്:**

5.45-ന് ഹാളിലെത്തിയ ഹുദൂർ പത്ര സമ്മേളനത്തിൽ പങ്കെടുത്തു. ഈ പത്രസമ്മേളനത്തിൽ റിലീജ്യസ് ന്യൂസ് സെർവീസി(Religious News Service)ന്റെ 3 പത്ര പ്രവർത്തകരും പ്രതിനിധികളായ ആഇശ ഖാനും, ജാക്ക് ജൻകിൻസ് (Aysha Khan, Jack Jenkins)വും, ടോം ഗല്ലാഗർ (Tom Gallagher)വും ഉണ്ടായിരുന്നു. ഇവർക്കു പുറമെ സ്റ്റൈനർ റേഡിയോ ഷോ (Steiner Radio Show) പ്രതിനിധികളും പത്രപ്രവർത്തകൻ മാർക്ക് സ്റ്റൈനറും (Marc Steiner) പങ്കെടുത്തിരുന്നു. നാഷണൽ പബ്ളിക് റേഡിയോ(National Public Radio(NPR))യുടെ പത്ര പ്രവർത്തകൻ ജെറോം സൊകോളോവ്സ്കി (Jerome socolovsky)യും പങ്കെടുത്തു.

ഒരു പത്രപ്രവർത്തകൻ ചോദിച്ചു: ഇപ്പോൾ അമേരിക്കയിൽ മിഡ് ടേം തിരഞ്ഞെടുപ്പ് നടക്കാ ൻ പോകുകയാണ്. താങ്കൾ വിവിധ രാഷ്ട്രീയക്കാരെ കാണുന്ന വ്യക്തിയാണ്. ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്വന്തം ജമാഅത്തിനും യു.എസ്.എ ക്കും നൽകാൻ എന്തെങ്കിലും സന്ദേശമുണ്ടോ?

ഹുദൂർ: രാഷ്ട്രീയത്തെ സംബന്ധിച്ച് എന്തെങ്കിലും കാര്യം ഞാൻ ചുഴിഞ്ഞ് അന്വേഷിക്കാറില്ല. എന്നാൽ, യു.കെ.യിലെ പൗരൻ എന്ന നിലയിൽ ഞാൻ സ്വന്തം വോട്ട് നൽകാറുണ്ട്. ജമാഅത്തിനോടുള്ള എന്റെ സന്ദേശം വിനയം നിലനിറുത്തുന്ന വ്യക്തികൾക്ക് എപ്പോഴും വോട്ട് ചെയ്യാൻ ശ്രദ്ധിക്കുക എന്നാണ്. തന്റെ പ്രദേശത്ത് സേവനമനസ്കതയുള്ള ആളായിരിക്കണം തിരഞ്ഞെടുക്കപ്പെടേണ്ടത്. ഒരു സമുദായ നേതാവ് അവരുടെ സേവകനായിരിക്കണമെന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ട്. സമുദായത്തിന് വളരെ നല്ല നിലയിൽ സേവനം ചെയ്യുന്നുവെന്നും അത് നിർവ്വഹിക്കാൻ സാധിക്കുമെന്നും താൻ മനസ്സിലാക്കുന്ന വ്യക്തിയെ തിരഞ്ഞെടുക്കുക.

ഒരു പത്ര പ്രവർത്തകൻ ചോദിച്ചു: യു.എസ്.എ യിലും ഇതര രാജ്യങ്ങളിലും സ്ഥിതി ചെയ്യുന്ന നിങ്ങളുടെ ജമാഅത്തുകളിലുള്ള വ്യത്യാസമെന്താണ്.

ഹുദൂർ: ഞങ്ങൾ അഹ്മദികൾ എല്ലാ സ്ഥലത്തും ഒരു പോലെയാണ്. ആരാണോ അഹ്മദിയാകുന്നത് അവരുടെ സ്വഭാവത്തിലും രീതികളിലും ഒരു സത്വര മാറ്റം നിങ്ങൾക്ക് ദർശിക്കാൻ കഴിയും. ചിലരിൽ വിസ്മയകരമായ മാറ്റങ്ങൾ കാണാവുന്നതാണ്. അതുകൊണ്ട് ഞാനെപ്പോഴും പറയുന്ന ഒരു കാര്യമാണിത്. അഹ്മദികളുടെ ചിന്തയിലും ആലോചനയിലും വീക്ഷണത്തിലും എല്ലാ സ്ഥലങ്ങളിലും സാമ്യത കാണാൻ സാധിക്കും. അമേരിക്കയിലോ നോർത്ത് അമേരിക്കയിലോ സൗത്ത് അമേരിക്കയിലോ യൂറോപ്പിലോ യു.കെയിലോ ഏഷ്യയിലോ ആഫ്രിക്കയിലോ ഏത് രാജ്യത്താകട്ടെ അത് കാണാൻ സാധിക്കും. ഇതിന്റെ കാരണം ഞങ്ങൾ സത്യമായ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നു എന്നുള്ളതാണ്. രാജ്യത്തിന് സേവനം ചെയ്യുക, നിയമത്തെ അനുസരിക്കുക, നാട്ടിനോട് കൂറ് കാണിക്കുക, എല്ലാറ്റിലും ഉപരിയായി തന്നെ ഏത് സമയത്തും താൻ ചെയ്യുന്ന പ്രവൃത്തി ഉന്നതനായ അല്ലാഹു കാണുന്നുണ്ട് എന്ന് ചിന്തിക്കുക തുടങ്ങിയ കാര്യങ്ങൾ. ഈ പ്രത്യേകതകൾ ജനങ്ങളിൽ ഉണ്ടെങ്കിൽ അവരുടെ നിലവാരം ഒന്നുപോലെ കാണപ്പെടും.

ഒരു പത്ര പ്രവർത്തകൻ പറഞ്ഞു: എന്റെ ചോദ്യം സൈന്യത്തെ സംബന്ധിച്ചാണ്. ഞാൻ അഹ്മദിയേയും മറ്റ് മുസ്ലിം സൈനികരേയും കണ്ടിട്ടുണ്ട്. ഇവരിൽ അധികംപേരും മുസ്ലിം സമുദായവുമായും ഇതര സമുദായവുമായും ബന്ധം ഉണ്ടാക്കാൻ ശ്രമിച്ചിട്ടുണ്ട്. സൈന്യത്തിൽ സേവനം അനുഷ്ഠിച്ചവർ മുന്നോട്ട് വരണമെന്നും വിഘ്നാതമായി നിൽക്കുന്ന തടസ്സങ്ങൾ നീക്കാൻ ശ്രമിക്കണമെന്നും താങ്കൾ കരുതുന്നുണ്ടോ?

ഹുദൂർ: രാജ്യത്തിന്റെ പൗരൻ എന്ന നിലയിൽ പ്രഥമ ഉത്തരവാദിത്വം രാജ്യത്തോട് കൂറ് കാണിക്കലാണ്. ഇതാണ് അടിസ്ഥാന കാര്യം. ഓരോ വ്യക്തിയും സ്വന്തം നാട്ടിനോട് കൂറ് കാണിക്കണമെന്നാണ് ഇസ്ലാം പറയുന്നത്. സൈന്യവുമായി ബന്ധപ്പെട്ടവർ മാത്രമല്ല, ഇതര തുറകളിൽ പ്രവർത്തിച്ചു വരുന്നവരും മുസ്ലിമീങ്ങൾക്കും അമുസ്ലിമീങ്ങൾക്കും ഇടയിലുള്ള വിടവ് നികത്താൻ ശ്രമിക്കുന്നുണ്ട്. എന്നെ പോലയുള്ള ഒരാൾക്ക് സൈന്യവുമായി ഒരു ബന്ധവുമില്ല. ഇതുപോലെ ഇതര അഹ്മദികളും പ്രവർത്തിച്ചു വരുന്നു. ഇസ്ലാമിന്റെ യഥാർഥ അധ്യാപനമനുസരിച്ചാണ് നിങ്ങൾ പ്രവർത്തിച്ചു വരുന്നതെങ്കിൽ പരസ്പരമുള്ള സ്നേഹം, സഹവർത്തിത്വം പ്രോൽസാഹിപ്പിച്ചു കൊണ്ട് ജീവിക്കേണ്ടതാണ്. ദീനിൽ ഒരു നിർബ്ന്ധവുമില്ല. പരസ്പരം അവരവരുടെ മതത്തെ ആദരിക്കുക. ഇത് ഇസ്ലാമിന്റെ അധ്യാപനമാണ്. ഇതിന് ഇസ്ലാമിൽ എത്രമാത്രം താക്കീതുണ്ടെന്നാൽ അമുസ്ലിമീങ്ങളുടെ ബിംബങ്ങളെപ്പോലും അനാവശ്യം പറയരുതെന്നാണ്. കാരണം മറുപടി എന്ന നിലയിൽ അവരും ഉന്നതനായ അല്ലാഹുവിന്റെ അസ്തിത്വത്തിനെ കുറിച്ച് അനാവശ്യം പറയും. ഇതു കാരണത്താൽ സമൂഹത്തിൽ അസ്വസ്ഥത പടർന്നു പിടിക്കും. ഇതൊരു ഇസ്ലാമിന്റെ അടിസ്ഥാന അധ്യാപനത്തിൽ പെട്ടതാണ്. സമൂഹത്തിൽ ഐക്യത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുക, മനുഷ്യത്വത്തിന്റെ മൂല്യങ്ങൾക്ക് പ്രഥമ പരിഗണന കൊടുക്കുക.

ഞങ്ങളെല്ലാവരും ഞങ്ങളുടെ ദൈവത്തിന്റെ അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്നവരാണ്. ലോകത്തിനും ജീവിതവിഭവം നല്കുന്നത് അല്ലാഹുവാണ്. നിങ്ങളുടെ മതമെന്താണെന്നോ മുസ്ലിമാണോ, യഹൂദിയാണോ, ക്രിസ്ത്യാനിയാണോ, ഹിന്ദുവാണോ, നിർമതനാണോ, നിരീശ്വരവാദിയാണോ എന്നൊന്നും അവിടെ നോക്കാറില്ല. എല്ലാവരേയും അവൻ പരിപാലിക്കുന്നു. അല്ലാഹു എല്ലാവരുടേയും പരിപാലക

(ശേഷം പേജ് 11ൽ)

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

# ഖുത്ബ ജുമുഅ

ഇവിടെ ഇപ്പോഴുള്ള നിങ്ങളിലധികപേരും അന്‍സ്വാറുല്ലായാണ്;അതുപോലെ മുഹാജിറുകളുമാണ്.
ഇതിന്റെ അടിസ്ഥാനത്തില്‍ തങ്ങളുടെ മുന്നില്‍ അതരിപ്പിക്കപ്പെടുന്ന ഈ മാതൃകകളനുസരിച്ച് തങ്ങള്‍ എത്രത്തോളം നടക്കുന്നവരാണെന്നും കര്‍മങ്ങള്‍ ചെയ്യുന്നവരാണെന്നും ആത്മപരിശോധന നടത്തികൊണ്ടിരിക്കുക.

നുഅയ്മാനെ സംബന്ധിച്ച് നന്മയല്ലാതെ മറ്റൊന്നും പറയരുത്.
കാരണം അദ്ദേഹം അല്ലാഹുവിനേയും അവന്റെ റസൂലിനേയും സ്നേഹിക്കുന്നു.

ഇത് ഒരു പ്രത്യേക തരത്തിലുള്ള സ്നേഹത്തിന്റെയും അനുരക്തിയുടെയും ഹാസ്യത്തിന്റെയും സദസ്സുകളായിരുന്നു.
അതല്ലാതെ അവരുടേത് സ്വാര്‍ഥപരമായ സദസ്സുകളായിരുന്നില്ല.

ഹദ്റത്ത് നുഅയ്മാന്റെ സ്വഭാവത്തിലും ഹാസ്യമുണ്ടായിരുന്നു. നബി(സ)തിരുമേനി
അദ്ദേഹത്തിന്റെ സംസാരംകേട്ട് നല്ലവണ്ണം ആസ്വദിക്കുമായിരുന്നു.

നമ്മുടെ ദീനിലുള്ളവര്‍ മാത്രമായിരിക്കും നമ്മുടെ കൂടെ യുദ്ധത്തിന് വരുന്നത്

ആത്മാര്‍ഥതയുടേയും കൂറിന്റേയും ആള്‍രൂപമായ നബി(സ)തിരുമേനിയുടെ ബദ്റില്‍ പങ്കെടുത്ത സ്വഹാബിമാരായ ഹദ്റത്ത് നുഅയ്മാന്‍ ബിന്‍ അംറിന്റേയും ഹദ്റത്ത് ഖുബയ്ബ് ബിന്‍ ഇസാഫിന്റേയും(റളിയല്ലാഹുഅന്‍ഹുമാ)അനുഗൃഹീത ജീവചരിത്ര വിവരണം

ആദരണീയരായ റശീദ ബീഗം സാഹിബ(റബ്വ)യുടേയും മുഹമ്മദ് ശംശീര്‍ ഖാന്‍ സാഹിബി(നന്‍ദി, ഫിജി) ന്റേയും ഫാതിമ മുഹമ്മദു മുസ്തഫാ സാഹിബ(കിര്‍ദിസ്താന്‍, ഇപ്പോള്‍ നോര്‍വെ)യുടേയും വഫാത്തും അനുസ്മരണവും ജനാസ ഗാഇബ് നമസ്കാരവും.

**ഖുത്ബ ജുമുഅ 2019 സെപ്റ്റംബര്‍ 13/1398 തബൂക് 13 യു.കെ.മജ്ലിസ് അന്‍സ്വാറുല്ലായുടേയും ലജ്ന ഇമാഇല്ലായുടേയും ഇജ്തിമാഅ്ന്റെ അവസരത്തില്‍, കണ്‍ട്രിമാര്‍ക്കറ്റ്, ബോര്‍ഡന്‍, ഹംപ്ശയര്‍, യു.കെ)**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുല്‍ മുഅ്മിനീന്‍ ഹദ്റത്ത് മിര്‍സാ മസ്റൂര്‍ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രില്‍ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ബദ്രി സ്വഹാബാക്കളുടെ ഞാന്‍ തുടങ്ങി വെച്ച ഖുത്ബ പരമ്പര തന്നെയാണ് ഇന്നും വിവരിക്കുന്നത്. എന്നാല്‍, അതിന് മുമ്പേ, ഇജ്തിമായെ മുന്‍നിറുത്തി ഒരു കാര്യം മജ്ലിസ് അന്‍സ്വാറുല്ലായോട് പറയുകയാണ്. ആ സ്വഹാബാക്കളില്‍ അന്‍സാറും മുഹാജിറുമെല്ലാമുണ്ടായിരുന്നു. ഇസ്ലാം സ്വീകരിച്ചപ്പോള്‍, തങ്ങളുടെ ഉള്ളില്‍ പരിശുദ്ധമാറ്റങ്ങള്‍ അവരുണ്ടാക്കി. ത്യാഗങ്ങളുടേതെന്നല്ല, ഭയഭക്തിയുടെ ഉന്നത നിലവാരത്തിന്റേയും കൂറിന്റേയും ആത്മാര്‍ഥതയുടേയും അത്ഭുതകരമായ മാതൃകകളാണ് അവര്‍ കാണിച്ചത്. ഇവിടെ ഇപ്പോഴുള്ള നിങ്ങളിലധികപേരും അന്‍സ്വാറുല്ലായാണ്; അതുപോലെ മുഹാജിറുകളുമാണ്. ഇതിന്റെ അടിസ്ഥാനത്തില്‍ തങ്ങളുടെ മുന്നില്‍ അതരിപ്പിക്കപ്പെടുന്ന ഈ മാതൃകകളനുസരിച്ച് തങ്ങള്‍ എത്രത്തോളം നടക്കുന്നവരാണെന്നും കര്‍മങ്ങള്‍ ചെയ്യുന്നവരാണെന്നും ആത്മപരിശോധന നടത്തികൊണ്ടിരിക്കുക.

ഈ മുഖവുരയ്ക്കു ശേഷം ഇനി ഞാന്‍ വിഷയത്തിലേക്ക് കടക്കുകയാണ്. ആദ്യത്തെ സ്വഹാബി ഹദ്റത്ത് നുഅയ്മാന്‍ ബിന്‍ അംറാണ്. ഹദ്റത്ത് നുഅയ്മാന്റെ പേര് നുഅ്മാന്‍ എന്നും പറയപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അംറ് ബിന്‍ രിഫാഅ എന്നും മാതാവിന്റെ പേര് ഫാതിമ ബിന്‍ അംറ് എന്നുമാണ്. ഹദ്റത്ത് നുഅയ്മാന്റെ മക്കളില്‍ മുഹമ്മദ്, ആമിര്‍, സബ്റത്ത്, ലുബാബ, കബ്ശ, മര്‍യം, ഉമ്മു ഹബീബ്, അമത്തുല്ലാഹ്, ഹക്കീമ എന്നിവരുടെ വിവരങ്ങള്‍ ലഭിക്കുന്നുണ്ട്. ഇബ്നു ഇസ്ഹാഖിന്റെ പക്കല്‍ ഹദ്റത്ത് നുഅയ്മാന്‍ രണ്ടാം അഖ്ബ ബയ്അത്തില്‍ 70 അന്‍സ്വാറിനോടൊപ്പം പങ്കെടുത്തിരുന്നു. ഹദ്റത്ത് നുഅ്മാന്‍ ബദ്ര്‍, ഉഹുദ്, ഖന്‍ദഖ് ഉള്‍പ്പടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കുകയും ചെയ്തു. ഒരു നിവേദനത്തില്‍ വരുന്നു, നബി(സ)തിരുമേനി പറഞ്ഞു: 'നുഅയ്മാനെ സംബന്ധിച്ച് നന്മയല്ലാതെ മറ്റൊന്നും പറയരുത്. കാരണം അദ്ദേഹം അല്ലാഹുവിനേയും അവന്റെ റസൂലിനേയും സ്നേഹിക്കുന്നു.' ഹദ്റത്ത് നുഅയ്മാന്‍, ഹദ്റത്ത് അമീര്‍ മുആവിയായുടെ ഭരണകാലത്ത് ഹിജ്റ 60–ല്‍ വഫാത്തായി. (അത്ത്വബക്കാത്തുല്‍ കുബ്റാ വാള്യം 3, പേജ് 257, വമിന്‍ ബനീ ഗനം അന്നുഅ്മാന്‍ ബിന്‍ അംറ്–ദാറു അഹ്യാഉത്തുറാഥ് അല്‍ അറബി ബേറൂത്ത് ലബ്നാന്‍ 1996).(അല്‍കാമില്‍ ഫിത്താരീഖ് വാള്യം 3, പേജ് 405, ദിക്റു ഇദ്ദത്തു ഹവാദിഥ്, ഹിജ്റ 60, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ, ബേറൂത്ത് ലബ്നാന്‍ 2006).

ഹദ്റത്ത് ഉമ്മു സല്‍മ(റ) വിവരിക്കുന്നു. ഹദ്റത്ത് അബൂബക്കര്‍(റ) നബി(സ)തിരുമേനി വഫാത്താകന്നതിന് ഒരു വര്‍ഷം മുമ്പേ ശാംദേശത്തിന്റെ പുരാതനവും പ്രസിദ്ധവുമായ ബസ്വറ പട്ടണത്തില്‍ പോയിരുന്നു. നബി(സ)തിരുമേനി തന്റെ പിതൃവ്യന്റെ കൂടെ ശാമിലേക്കുള്ള കച്ചവടപരമായ യാത്രയ്ക്കിടയില്‍ താമസിച്ചിരുന്നത് ഇവിടെയാണ്. ഇപ്രകാരംതന്നെ ഹദ്റത്ത് ഖദീജ(റ)യുടെ കച്ചവടചരക്കുകള്‍ ശാമിലേക്ക് കൊണ്ടുപോകുമ്പോഴും ഈ സ്ഥലത്താണ് താമസിച്ചിരുന്നത്. ഈ യാത്രയില്‍ നബി(സ) തിരുമേനിയോടൊപ്പം ഹദ്റത്ത് ഖദീജയുടെ അടിമ മയ്സറയുമുണ്ടാകുമായിരുന്നു. എന്തായാലും ഹദ്റത്ത് അബൂബക്കര്‍(റ) മരിക്കുന്നതിനു ഒരു വര്‍ഷം മുമ്പേ കച്ചവടത്തിന് അവിടേക്ക് പോയപ്പോള്‍ അദ്ദേഹത്തോടൊപ്പം നുഅയ്മാനും സുമയ്ബത്ത് ബിന്‍ ഹര്‍മലും യാത്രചെയ്തു. ഇവരിരുവരും ബദ്ര്‍ യുദ്ധത്തിലുമുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കറിനോടൊപ്പം ഈ യാത്രയില്‍ നുഅയ്മാന്‍ ഭക്ഷണകാര്യത്തില്‍ നിയമിതനായിരുന്നു. ഈ യാത്രയില്‍ നടന്ന സംഭവമാണ്. ഹദ്റത്ത് നുഅയ്മാന്റെ കൂട്ടുകാര്‍ അദ്ദേഹത്തെ ഒരു ജനതയ്ക്ക് തമാശയായി വിറ്റു. ഈ സംഭവം ഹദ്റത്ത് സുവയ്ബത്വിനെ കുറിച്ചു പറഞ്ഞപ്പോള്‍ മുമ്പേയും ഞാന്‍ വിവരിച്ചതാണ്. ഇപ്പോള്‍ ഹ്രസ്വമായി പറയാം. സുവയ്ബിത്, നുഅയ്മാന്റെ കൂട്ടുകാരനായിരുന്നു. അദ്ദേഹത്തിന്റെ പ്രകൃതിയിലും നര്‍മമുണ്ടായിരുന്നു. എന്നല്ല ചില നിവേദനങ്ങളില്‍നിന്ന് അറിയാന്‍ കഴിയുന്നത് അവരിരുവരും ഹദ്റത്ത് നുഅമാനും ഹദ്റത്ത് സുവയ്ബിത്വും പരസ്പരം തുറന്നനിലയില്‍ പ്രവര്‍ത്തിക്കുന്നവരും തമാശകള്‍ ചെയ്യുന്നവരുമായിരുന്നു. അവരുടെ പ്രകൃതിയില്‍ നര്‍മമുണ്ടായിരുന്നു. അദ്ദേഹം യാത്രാമദ്ധ്യേ നുഅമാനോടു പറഞ്ഞു. എനിക്ക് ഭക്ഷണം തരിക. ഹദ്റത്ത് അബൂബക്കര്‍ വരാത്തിടത്തോളം–അദ്ദേഹം എവിടെയോ വെളിയില്‍ പോയതാണ്– ഭക്ഷണം തരികയില്ലെന്ന് അദ്ദേഹം പറഞ്ഞു. അപ്പോള്‍ സുമയ്ബിത് പറഞ്ഞു. നീ എനിക്ക് ഭക്ഷണം തന്നില്ലെങ്കില്‍ നിനക്ക് ദ്വേഷം വരുന്ന കാര്യം ഞാന്‍ ചെയ്യുന്നതായിരിക്കും. നിവേദകന്‍ പറഞ്ഞു. അവര്‍ ഈ നേരത്ത് ഒരു ജനതയുടെ അടുത്തൂടെ കടന്നുപോകുകയായിരുന്നു. സുവയ്ബിത് അവരോട് എന്നില്‍നിന്ന് ഒരു അടിമയെ നിങ്ങള്‍ വാങ്ങുമോ എന്നു ചോദിച്ചു. എന്തായാലും കുറച്ചു കഴിഞ്ഞ്, കുറച്ച് ദിവസങ്ങള്‍ക്കു ശേഷം അല്ലെങ്കില്‍ കുറച്ച് യാത്ര പിന്നിട്ടപ്പോള്‍ ഇതു പറഞ്ഞതായിരിക്കും. അപ്പോള്‍ ആ ജനതയോടു ഹദ്റത്ത് സുവയ്ബിത് പറഞ്ഞു. എന്നില്‍നിന്ന് അടിമയെ വാങ്ങുമോ? അവര്‍ പറഞ്ഞു. വാങ്ങാം. അപ്പോള്‍ സുവയ്ബിത് അവരോടു പറഞ്ഞു. ആ വാതോരാതെ സംസാരിക്കുന്ന ആളാണ്! ഞാന്‍ സ്വതന്ത്രനാണെന്ന് അയാള്‍ പറഞ്ഞുകൊണ്ടിരിക്കും. നിങ്ങളോട് അയാള്‍ ഇങ്ങനെ പറയുമ്പോള്‍ നിങ്ങള്‍ അയാളെ വിടണം. പിന്നീട് എന്റെ അടിമയെ മോശമാക്കരുത്. ഇല്ലെന്ന് അവര്‍ പറഞ്ഞു, എന്നല്ല ഞങ്ങള്‍

അയാളെ താങ്കളിൽനിന്ന് വാങ്ങാനാഗ്രഹിക്കുന്നു. അവർ അദ്ദേഹത്തെ പത്ത് പെൺഒട്ടകങ്ങൾക്ക് പകരം വിലക്കു വാങ്ങി. പിന്നീട് അവർ നുഅയ്മാന്റെ അടുത്തു വന്നു.  അടിമയാക്കിക്കൊണ്ടുപോകാൻ അദ്ദേഹത്തിന്റെ കഴുത്തിൽ തലയിൽ കെട്ടുന്ന തട്ടമോ കയറോ ഇട്ടു. നുഅയ്മാൻ അവരോട് ഇയാൾ നിങ്ങളോട് തമാശ കാണിക്കുകയാണെന്ന് പറഞ്ഞു; താൻ സ്വതന്ത്രനാണെന്നും അടിമയല്ലെന്നും പറഞ്ഞു. അവർ പറഞ്ഞു: അയാൾ താങ്കളെക്കുറിച്ച് ഇതൊക്കെ നേരത്തെതന്നെ ഞങ്ങളോട് പറഞ്ഞിരുന്നതാണ്. എന്തായാലും അവർ ബലാൽക്കാരമായി അദ്ദേഹത്തെ കൂടെ കൊണ്ടുപോയി. ഹദ്റത്ത് അബൂബക്കർ(റ) വന്നപ്പോൾ ആളുകൾ അദ്ദേഹത്തോടു കാര്യം പറഞ്ഞു. പിന്നീട് അദ്ദേഹം അവരുടെ പിന്നാലെ പോയി. ആ ജനതയുടെ പിന്നാലെ പോയി. അവർക്ക് ഒട്ടകങ്ങൾ തിരിച്ചു നല്കി. നുഅമാനെ തിരിച്ചുകൊണ്ടുവന്നു. നിവേദകൻ പറയുന്നു: ഈയാളുകൾ നബി(സ) തിരുമേനിയുടെ അടുത്ത് തിരിച്ചു വരികയും അവിടത്തോടു വിവരം പറയുകയും ചെയ്തപ്പോൾ  നിവേദകൻ പറയുന്നു, നബി(സ)തിരുമേനിയും അവിടത്തെ സ്വഹാബത്തും അതിൽ ഒരുപാട് ആസ്വദിച്ചു. ഒരുവർഷംവരെ അവരിൽ ഈ തമാശ നിലനിന്നു.' (സുനൽ ഇബ്നുമാജ, കിതാബുൽ അദബ്, ബാബുൽ മസാഹ്, ഹദീഥ് 3719, മുഅജമുൽ ബുൻദാൻ, വാല്യം 2, പേജ് 348 ബസ്വരി ഫർറംഗ് സീറത്ത് പേജ് 58, ബസ്വരി)

എന്തായാലും രണ്ടുപേരെ സംബന്ധിച്ചും ഈ നിവേദനം വരുന്നുണ്ട്. ഹദ്റത്ത് നുഅയ്മാനെ സംബന്ധിച്ച് നിവേദനത്തിൽ അദ്ദേഹം പ്രകൃത്യാ ഹാസ്യസ്വഭാവക്കാരനായിരുന്നുവെന്നും വരുന്നുണ്ട്. അതുകൊണ്ട് നബി(സ) തിരുമേനി അദ്ദേഹത്തിന്റെ സംസാരം കേട്ട് ആസ്വദിക്കാറുണ്ടായിരുന്നു.

ഹദ്റത്ത് റബീഅ ബിൻ ഉഥ്മാനിൽനിന്ന് നിവേദനം: നബി(സ)തിരുമേനിയുടെ അടുത്ത് ഒരു ബദ്ദു(ഗ്രാമീണനായ അറബി) വരികയും മസ്ജിദിൽ പ്രവേശിച്ച് തന്റെ ഒട്ടകത്തെ മുറ്റത്ത് ഇരുത്തുകയും ചെയ്തു. അപ്പോൾ ചില സ്വഹാബാക്കൾ ഹദ്റത്ത് നുഅ്മാനോട് പറഞ്ഞു: 'താങ്കൾ ഇതിനെ അറുക്കുക. ഞങ്ങൾ തിന്നുകൊള്ളാം. ഞങ്ങൾക്ക് മാംസം കഴിക്കാൻ കൊതിയാകുന്നു. ഇനി നബി(സ)തിരുമേനിയുടെ അടുക്കൽ പരാതി ചെന്നാൽതന്നെയും അവിടന്ന് അതിന്റെ നഷ്ടപരിഹാരം കൊടുക്കുകയും ചെയ്തുകൊള്ളും.' നിവേദകൻ പറയുന്നു: 'ഹദ്റത്ത് നുഅ്മാൻ അവരുടെ വാക്കുകൾ കേട്ട് ഒട്ടകത്തെ അറുത്തു. അങ്ങനെ ബദ്ദു പുറത്തുവരികയും തന്റെ യാത്രാ മൃഗത്തിന്റെ അവസ്ഥ കാണുകയും ചെയ്തപ്പോൾ മുഹമ്മദേ(സ)! എന്റെ ഒട്ടകത്തെ അറുത്തിട്ടിരിക്കുന്നു എന്നു ഉച്ചത്തിൽ പറഞ്ഞ് ബഹളംവെച്ചു. നബി (സ)തിരുമേനി പുറത്തു വന്ന് ചോദിച്ചു: 'ആരാണ് ഇതു ചെയ്തത്?' നുഅ്മാൻ ആണെന്ന് ആളുകൾ പറഞ്ഞു. അപ്പോൾ അവിടന്ന് അദ്ദേഹത്തെ തിരഞ്ഞ് പുറപ്പെട്ടു. നുഅ്മാൻ, അവിടെ നിന്നുപോയി എവിടെയോ ഒളിച്ചിരുന്നു. ഏതായാലും നബി(സ) തിരുമേനി അദ്ദേഹത്തെ തിരഞ്ഞു പുറപ്പെട്ടു. അങ്ങനെ അദ്ദേഹം ഹദ്റത്ത് ളുബാഅ ബിൻത് സുബയ്ർ ബിൻ അബ്ദുൽ മുത്തലിബിന്റെ വീട്ടിൽ ഒളിച്ചിരിക്കുന്നത് കണ്ടു. അദ്ദേഹം ഒളിച്ചിരുന്നിടത്തുണ്ടായിരുന്ന ഒരാൾ തന്റെ വിരൽ കൊണ്ട് അദ്ദേഹത്തിലേക്ക് ചൂണ്ടിക്കൊണ്ട് ഉറക്കെ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എനിക്കെങ്ങും കാണാൻ കഴിയുന്നില്ല. എന്തായാലും അദ്ദേഹത്തെ അവിടെനിന്ന് നബി(സ) തിരുമേനി പുറത്തു കൊണ്ടുവന്ന് ചോദിച്ചു: താങ്കൾ എന്തിനാണ് ഇങ്ങനെ ചെയ്ത്? നുഅ്മാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞാനാണ് അതിനെ അറുത്തതെന്ന് അങ്ങയോടു പറഞ്ഞവരുണ്ടല്ലോ, അവർ തന്നെയാണ് എന്നെ പ്രേരിപ്പിച്ചത്. നബി(സ)തിരുമേനി അതിന് നഷ്ടപരിഹാരം നല്കുമെന്ന് അവർ പറയുകയും ചെയ്തു. ഈ കാര്യം കേട്ട് നുഅ്മാന്റെ മുഖത്ത് വാത്സല്യത്തോടെ അവിടന്ന് തട്ടുകയും പുഞ്ചിരിക്കുകയും ചെയ്തു. അവിടന്ന് ആ ഗ്രാമവാസിക്ക് ഒട്ടകത്തിന്റെ വില നൽകി.' (ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ ഭാഗം 4, പേജ് 332, നുഅയ്മാൻ ബിൻ അംറ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).(അൽഫുകാഹ വൽമിസാഹ, സുബയ്ർ ബിൻ ബക്കാർ, പേജ് 24–25, പ്രസിദ്ധീകരണം 2017)

സുബയ്ർ ബിൻ ബക്കാർ തന്റെ ഗ്രന്ഥമായ അൽ ഫുഖാഹാ വൽ മിസാഹയിൽ ഹദ്റത്ത് നുഅ്മാനെ സംബന്ധിച്ച് ഒരു സംഭവം വിവരിച്ച് കൊണ്ടെഴുതുന്നു: 'മദീനയിൽ വല്ല കച്ചവടക്കാരനും വരുന്നതായാൽ ഹദ്റത്ത് നുഅ്മാൻ അയാളിൽ നിന്ന് വല്ലതുമെക്കെ വാങ്ങുകയും നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി അത് അങ്ങയ്ക്കുള്ള തന്റെ ഉപഹാരമാണെന്ന് പറയുകയും ചെയ്യുമായിരുന്നു. പിന്നീട് ഈ കച്ചവടക്കാരൻ ഹദ്റത്ത് നുഅ്മാനിൽ നിന്ന് ആ സാധനത്തിന്റെ വില വാങ്ങാൻ വരുമ്പോൾ, അയാളെയും കൂട്ടി അദ്ദേഹം നബി(സ)തിരുമേനിയുടെ അടുക്കൽ വരും. എന്നിട്ട് 'ഇയാൾക്ക് ഈ സാധനത്തിന്റെ വില നല്കുക'എന്നു പറയും. അപ്പോൾ 'ഇത് താങ്കളെനിക്ക് ഒരു ഉപഹാരമായി നല്കിയതല്ലേ?' എന്ന് നബി(സ)തിരുമേനി ചോദിക്കും. 'അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവാണ! ആ സാധനത്തിന്റെ വില നല്കാൻ എന്റെ കൈയിൽ ഒന്നുമുണ്ടായിരുന്നില്ല' എന്നായിരിക്കും അദ്ദേഹത്തിന്റെ മറുപടി. എന്നാൽ, 'ഞങ്ങളുടെ ആഗ്രഹം, ആ വസ്തു കഴിക്കാനുള്ളതാണെങ്കിൽ അവിടന്ന് അത് കഴിക്കണമെന്നും അത് സ്വന്തമാക്കാവുന്നതാണെങ്കിൽ അവിടന്ന് സ്വന്തമാക്കണമെന്നുമാണ്. അത് കേട്ട് നബി(സ)തിരുമേനി പുഞ്ചിരിക്കുകയും അതിന്റെ വില അതിന്റെ ഉടമസ്ഥന് നല്കാൻ നിർദേശിക്കുകയും ചെയ്യുമായിരുന്നു. (അൽഫുകാഹ വൽമിസാഹ, സുബയ്ർ ബിൻ ബക്കാർ, പേജ് 27, പ്രസിദ്ധീകരണം 2017)

ഇത് ഒരു പ്രത്യേക തരത്തിലുള്ള സ്നേഹത്തിന്റെയും അനുരക്തിയുടെയും ഹാസ്യത്തിന്റെയും സദസ്സുകളായിരുന്നു. അതല്ലാതെ അവരുടേത് സ്വർഥപരമായ സദസ്സുകളായിരുന്നില്ല.

ഇന്ന് വിവരിക്കുന്ന രണ്ടാമത്തെ സ്വഹാബിയുടെ പേര് ഹദ്റത്ത് ഖുബയ്ബ് ബിൻ ഇസാഫ് എന്നാണ്. ഹദ്റത്ത് ഖുബയ്ബ്(റ)ന്റെ ബന്ധം അൻസാറിന്റെ ഗോത്രമായ ഖദ്റജിന്റെ ശാഖ ബനൂ ജുശമുമായാണ്. ഹദ്റത്ത് ഖുബയ്ബിന്റെ നാമം മറ്റൊരു അഭിപ്രായമനുസരിച്ച് ഹബീബ് ബിൻ യസാഫ് എന്നുമാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഇസാഫ് എന്നായിരുന്നു. മറ്റൊരു അഭിപ്രായമനുസരിച്ച്  യസാഫ് എന്നും പറഞ്ഞിട്ടുണ്ട്. ഇപ്രകാരം തന്നെ അദ്ദേഹത്തിന്റെ പിതാമഹന്റെ പേര് ഇത്ബ എന്നതിനുപുറമെ ഇനബ എന്നും വിവരിക്കപ്പെട്ടിരിക്കുന്നു. (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 467, അൽഅൻസ്വാറു വമിൻ മഅഹും/മിൻ ബനീ ജുശമ്, ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 2003)

ഹദ്റത്ത് ഖുബയ്ബിന്റെ മാതാവിന്റെ പേര് സൽമാ ബിൻത് മസ്ഊദ് എന്നായിരുന്നു. അദ്ദേഹത്തിന്റെ മക്കളിൽ ഒരു മകനായിരുന്നു അബൂകഥീർ. ഇദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. ഇദ്ദേഹം ജമീല ബിൻത് അബ്ദുല്ലാഹ് ബിൻ ഉബയ്ബ് ബിൻ സുലൂലിന്റെ വയറ്റിൽനിന്നാണ് പിറന്നത്. രണ്ടാമത്തെ മകന്റെ പേര് അബ്ദുർറഹ്മാൻ എന്നായിരുന്നു. അദ്ദേഹം ഉമ്മു വലദിന്റെ വയറ്റിൽ ജനിച്ചു. ഒരു മകളുണ്ടായിരുന്നു ഉനയ്സ. അവർ സയ്നബ് ബിൻത് ഖയ്സിന്റെ വയറ്റിൽനിന്ന് പിറന്നു. ഹദ്റത്ത് അബൂബക്കറിന്റെ വഫാത്തിനു ശേഷം ഹദ്റത്ത് ഖുബയ്ബ് അദ്ദേഹത്തിന്റെ വിധവ ഹബീബ ബിൻത് ഖാരിജയെ വിവാഹം ചെയ്തു.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 275–276, വമിൻ ബനീ ജുശമ്.....ഖുബയ്ബ് ബിൻ യസാർ ദാറു അഹ്യാഉത്തുറാഥ് അൽ അറബി ബേറൂത്ത് ലബ്നാൻ 1996) (ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 4, പേജ് 153, ഖുബയ്ബ് ബിൻ ഇസാഫ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

ഹദ്റത്ത് ഖുബയ്ബ് മദീന ഹിജ്റത്തിന്റെ വേളയിൽ മുസ്ലിമായിരുന്നില്ല എന്നതിൽ ഒരു സംശയവുമില്ല. എന്നിരുന്നാലും അദ്ദേഹത്തിന് മദീനയിലേക്കുള്ള ഹിജ്റത്ത് വേളയിൽ മുഹാജിറുകൾക്ക് ആതിഥ്യമരുളാൻ അവസരം ലഭിക്കുകയുണ്ടായി. ഹദ്റത്ത് ത്വൽഹ ബിൻ അബ്ദുല്ലായും ഹദ്റത്ത് സ്വുഹയ്ബ് ബിൻ സിനാനും ഇദ്ദേഹത്തിന്റെ വീട്ടിലാണ് താമസിച്ചത്. മറ്റൊരു അഭിപ്രായമനുസരിച്ച് ഹദ്റത്ത് ത്വൽഹ(റ) ഹദ്റത്ത് അസ്അദ് ബിൻ സുറാറയുടെ വീട്ടിലാണ് താമസിച്ചത്.(അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 338, മൻസിൽ ത്വൽഹ വ സ്വുഹയ്ബ്, ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 2001)

അതുപോലെ തന്നെ ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ, ഒരു നിവേദനമനുസരിച്ച്, അദ്ദേഹം ഹദ്റത്ത് ഖുബയ്ബിന്റെ അടുക്കൽ, ഖുബായിലെ സുൻഹ് എന്ന സ്ഥലത്ത് താമസിച്ചുവെന്നും പറയപ്പെടുന്നുണ്ട്. സുൻഹ് ഒരു സ്ഥലത്തിന്റെ പേരാണ്. അത് മദീനയിലെ ഭാഗങ്ങളിൽ ഉയർന്ന ഗ്രാമങ്ങളിലാണ്. അവിടെ ബനീ ഹാരിഥ് ബിൻ ഖസ്റജിന്റെ ആളുകൾ വസിച്ചിരുന്നു. മറ്റൊരു നിവേദനപ്രകാരം ഹദ്റത്ത് അബൂബ

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

ക്കർ(റ), ഹദ്റത്ത് ഖാരിജ ബിൻ സയ്ദിന്റെ വീട്ടിലാണ് താമസിച്ചത്. (അസ്സീറത്തുന്നബ്വിയ്യ ലി ഇബ്നി ഹിശാം പേജ് 348, അബീ ബക്കർ ബിഖുബാഇ, ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 2001 – ലുഗാത്തുൽഹദീഥ് വാള്യം 2, പേജ് 373 സുൻഹ്)

ബദ്ർ യുദ്ധത്തിന് പുറമെ ഉഹുദ്, ഖൻദഖ് പോലുള്ള മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം അദ്ദേഹം പങ്കെടുത്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 276, വമിൻ ബനീ ജുശമ്,.....ഹുബയ്ബ് ബിൻ യസാഫ് ദാറു അഹ്യാഉത്തുറാഥ് അൽ അറബി ബേറൂത്ത് ലബ്നാൻ 1996).

ഒരു നിവേദനമനുസരിച്ച് ഖുബയ്ബിന് മദീനയിൽ താവളമുണ്ടായിരുന്നു. പക്ഷേ, എന്നിട്ടും അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. അങ്ങനെ നബി(സ)തിരുമേനി യുദ്ധത്തിന് ബദ്റിലേക്ക് പുറപ്പെട്ടപ്പോൾ അദ്ദേഹം യാത്രാമധ്യേ നബി(സ)തിരുമേനിയെ കണ്ടുമുട്ടുകയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്യുകയായിരുന്നു. (ഉസുദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ ഭാഗം 3, പേജ് 152, ഹുബയ്ബ് ബിൻ ഇസാഫ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008).

ഹദ്റത്ത് ഖുബയ്ബ് ഇസ്‌ലാം സ്വീകരിച്ചതിനെ സംബന്ധിച്ച് സ്വഹീഹ് മുസ്‌ലിമിൽ ഇപ്രകാരം വിവരണം കാണാം: 'നബി(സ)തിരുമേനിയുടെ പ്രിയപത്നി, ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആഇശയുടെ നിവേദനമാണ്. അവർ പറയുന്നു: 'നബി(സ)തിരുമേനി ബദ്റിലേക്ക് പുറപ്പെട്ടു. അങ്ങനെ മദീനയിൽ നിന്ന് മൂന്ന് മൈൽദൂരത്ത് സ്ഥിതിചെയ്യുന്ന 'ഹുർറത്തുൽ വബ്റ' എന്ന സ്ഥലത്തെത്തിയപ്പോൾ അവിടന്ന് ഒരു വ്യക്തിയെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ ധൈര്യത്തിന്റേയും ധീരതയുടേയും ചർച്ച നടക്കുകയായിരുന്നു. നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ അദ്ദേഹത്തെ കണ്ട് വളരെയധികം സന്തോഷിച്ചു. അങ്ങനെ അദ്ദേഹം നബി(സ)തിരുമേനിയുടെ സന്നിധിയിൽ വന്ന് പറഞ്ഞു: 'ഞാൻ അങ്ങയോടൊപ്പം വരുന്നതിനും അങ്ങയോടൊപ്പം യുദ്ധമുതലിന്റെ വിഹിതം കരസ്ഥമാക്കുന്നതിനും വന്നതാണ്.' നബി(സ) തിരുമേനി അദ്ദേഹത്തോട് ചോദി ച്ചു: 'താങ്കൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നുണ്ടോ?' അദ്ദേഹം പറഞ്ഞു: 'ഇല്ല.' അവിടന്ന് പറഞ്ഞു: 'തിരിച്ചുപോകുക. കാരണം ഞാൻ ഒരു അന്യാരാധകനിൽനിന്ന് സഹായം വാങ്ങുകയില്ല.' ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു, ഖുബയ്ബ് തിരിച്ചുപോയി. പിന്നീട് നബി(സ) തിരുമേനി ശജ്റത്തിലെത്തിയപ്പോൾ–ഇത് മദീനയിൽ നിന്ന് 6,7 മൈൽ ദൂരെ ദുൽഹുലയ്ഫായുടെ അടുത്തുള്ള ഒരു സ്ഥലമാണ്–ആ വ്യക്തി വീണ്ടും നബി(സ)തിരുമേനിയെ വന്ന് കണ്ടു. മുമ്പേ പറഞ്ഞത് ആവർത്തിച്ചു. നബി(സ)തിരുമേനിയും മുമ്പേ പറഞ്ഞ മറുപടിതന്നെ അദ്ദേഹത്തിന് നല്കി. വീണ്ടും അദ്ദേഹം തിരിച്ചുപോയി. നബി(സ)തിരുമേനിയെ ബയ്ദായിൽ(ദുൽഹുലയ്ഫ, മദീനയിൽനിന്ന് ആറേഴ് മൈൽ ദൂരത്ത് മറ്റൊരു സ്ഥലമുണ്ട്, ശജ്റത്ത് അതിന്റെ തൊട്ടടുത്ത് തന്നെയാണ്, ബയ്ദാ സ്ഥലവും അവിടത്തന്നെയാണ്, ഈ രണ്ടു സ്ഥലവും അടുത്തടുത്താണ് എന്തായാലും)കണ്ടു. അവിടന്ന് ചോദിച്ചു: 'താങ്കൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നുണ്ടോ? അദ്ദേഹം പറഞ്ഞു: ഉണ്ട്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ശരി, ഇനി താങ്കൾക്ക് എന്നോടൊപ്പം വരാവുന്നതാണ്.(സ്വഹീഹ് മുസ്‌ലിം കിതാബുൽജിഹാദ്, ഹദീഥ് 1817)(മുഅ്ജമുൽബുൽദാൻ, വാള്യം 3 പേജ് 142–അക്മാലുൽ മുഅല്ലിം ബിഫവാഇദിൽമുസ് ലിമി, ഭാഗം 4, പേജ് 181, കിതാബുൽ ഹജ്ജ്, ദാറുൽവഫാഇ 1998)

ഈ നിവേദനത്തിന്റെ ശറഹിൽ പറയപ്പെട്ടിരിക്കുന്നത് ഇസ്‌ലാം സ്വീകരിച്ചുഎന്ന പറയപ്പെടുന്ന വ്യക്തി ഹദ്റത്ത് ഖുബയ്ബായിരുന്നുവെന്നാണ്.(അൽബഹ്റുൽമുഹീത് അഥ്ഥജ്ജാജ് ഫീ ശറഹ് സ്വഹീഹുൽ ഇമാം മുസ്‌ലിം ബിൻ അൽഹജ്ജാജ് വാള്യം 31, പേജ് 620, പ്രസാധകർ ദാർ ഇബ്നുൽജൗസി റിയാള്, 1434 ഹിജ്രി)

ഹദ്റത്ത് ഖുബയ്ബ് ബിൻ ഇസാഫിന്റെ ഇസ്‌ലാം സ്വീകരണത്തേയും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതിന്റേയും കാര്യങ്ങൾ വിവരിച്ചുകൊണ്ട് അല്ലാമ നൂറുദ്ദീൻ ഹൽബി തന്റെ ഗ്രന്ഥമായ സീറത്തുൽ ഹൽബിയായിൽ പറയുന്നു: മദീനയിൽ ഖുബയ്ബ് യസാഫ് എന്നുപേരുള്ള ഒരു ശക്തനും ധീരനുമായ ആളുണ്ടായിരുന്നു. ഇത് ഹദ്റത്ത് ഖുബയ്ബ് ബിൻ ഇസാഫിന്റെ രണ്ടാമത്തെ പേരാണ്. ജീവചരിത്ര ഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടുള്ളതാണത്. ഇയാൾ ഖസ്റജ് ഗോത്രത്തിൽപ്പെട്ടയാളായിരുന്നു. ബദ്ർ യുദ്ധംവരെ ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. എന്നാൽ, ഇയാളും തന്റെ ഗോത്രമായ ഖസ്റജിനുമേൽ വിജയം നേടുന്ന ഘട്ടത്തിൽ യുദ്ധമുതലുകൾ കിട്ടുമെന്ന പ്രതീക്ഷയിൽ യുദ്ധത്തിന് പുറപ്പെട്ടു. അയാൾ കൂടെ വരുന്നതുകൊണ്ട് മുസ്‌ലിമീങ്ങൾ സന്തോഷിച്ചു. എന്നാൽ, നബി(സ)തിരുമേനി അയാളോടു പറഞ്ഞു, നമ്മുടെ ദീനിലുള്ളവർ മാത്രമെ നമ്മോടൊപ്പം യുദ്ധത്തിന് പുറപ്പെടുകയുള്ളു. മറ്റൊരു നിവേദനത്തിലുള്ളത് ഇങ്ങനെയാണ്, നബി(സ)തിരുമേനി പറഞ്ഞു: മടങ്ങിപ്പോകുക, ഞങ്ങൾ അന്യാരാധകരിൽനിന്ന് സഹായം ആഗ്രഹിക്കുന്നില്ല. ഹബീബിനെ അല്ലെങ്കിൽ ഖുബയ്ബിനെ നബി(സ)തിരുമേനി രണ്ടുവട്ടം മടക്കി അയച്ചു. മൂന്നാം വട്ടം നബി(സ)തിരുമേനി അദ്ദേഹത്തോടു നീ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നുണ്ടോ എന്ന് ചോദിച്ചപ്പോൾ ഉണ്ട് എന്ന് അയാൾ മറുപടി നല്കി. അങ്ങനെ ഇസ്‌ലാം സ്വീകരിച്ചു. പിന്നീട് അദ്ദേഹം വളരെ ധീരതയോടുകൂടി ശക്തമായി യുദ്ധം ചെയ്തു. (അസ്സീറത്തുൽ ഹൽബിയ്യ, ഭാഗം 2, പേജ് 204, ഗസ്‌വത്തു ബദ്റുൽകുബ്റാ,ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2002)

മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ ഹദ്റത്ത് ഖുബയ്ബ്(റ) തന്റെ ഇസ്‌ലാം സ്വീകരണം സംഭവം ഇങ്ങനെ വിവരിക്കുന്നുണ്ട്: 'ഞാനും എന്റെ ജനതയിലെ മറ്റൊരു വ്യക്തിയും കൂടി നബി(സ)തിരുമേനിയുടെ സന്നിധിയിൽ അവിടന്ന് ഒരു യുദ്ധത്തിന് തയ്യാറെടുപ്പ് നടത്തുന്ന ഘട്ടത്തിൽ ഹാജരായി. ഞങ്ങൾ ആ സമയത്ത് ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. ഞങ്ങൾ പറഞ്ഞു, ഞങ്ങളുടെ ജനത യുദ്ധത്തിന് പുറപ്പെട്ടുപോകുമ്പോൾ ഞങ്ങൾ അവരോടൊപ്പം പോകാത്തതിൽ ഞങ്ങൾക്ക് ലജ്ജയുണ്ട്. നബി(സ)തിരുമേനി ചോദിച്ചു, നിങ്ങളിരുവരും ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടോ? ഇല്ല എന്ന് ഞങ്ങൾ പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: തീർച്ചയായും ഞങ്ങൾ അന്യാരാധകർക്കെതിരിൽ അന്യാരാധകരിൽനിന്ന് സഹായം ആഗ്രഹിക്കുന്നില്ല. അന്യാരാധകർക്കെതിരിൽ യുദ്ധം നടക്കുമ്പോൾ ഞങ്ങളെങ്ങനെയാണ് അന്യാരാധകരുടെ സഹായം വാങ്ങുക. ഹദ്റത്ത് ഖുബയ്ബ്(റ) പറയുന്നു: അതുകേട്ട് ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചു. നബി(സ)തിരുമേനിയോടൊപ്പം ആ യുദ്ധത്തിൽ പങ്കെടുത്തു. ഞാൻ ആ യുദ്ധത്തിൽ ഒരാളെ വധിച്ചു. അയാളെനിക്ക് പരിക്കേല്പിക്കുകയും ചെയ്തു. പിന്നീട് ഞാൻ ആ വധിക്കപ്പെട്ട ആളുടെ മകളെ വിവാഹം ചെയ്തു. അവൾ പറയാറുണ്ടായിരുന്നു താങ്കൾക്ക് ഇങ്ങനെ മുറിവേല്പിച്ച ആ വ്യക്തിയെ താങ്കൾ ഒരിക്കലും മറക്കുകയില്ലായിരിക്കാം. അപ്പോൾ ഞാൻ പറയുമായിരുന്നു, നിന്റെ പിതാവിനെ വേഗം അഗ്നിയിലെത്തിച്ച വ്യക്തിയെ നീയും ഒരിക്കലും മറക്കുകയില്ലായിരിക്കാം. (മുസനദ് അഹ് മദ് ബിൻ ഹമ്പൽ വാള്യം 5, പേജ് 411, ഹദീഥ് 15855, ജദ്ദു ഖുബയ്ബ്, ആലമുൽകുതുബ് ബേറൂത്ത് 1998)

ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് ഖുബയ്ബ് ബിൻ ഇസാഫ് മക്കയിലെ ഖുറയ്ശികളുടെ നേതാവായ ഉമയ്യ ബിൻ ഖൽഫിനെ വധിച്ചിരുന്നു. ഇത് വധിക്കപ്പെട്ട ആളുടെ പേര് ചർച്ച ചെയ്യാതെ വളരെ ചുരുക്കി മുസ്നദ് ബിൻ ഹമ്പലിന്റെ നിവേദനത്തിൽ പറഞ്ഞിട്ടുണ്ട്; അതായത് വിവാഹം കഴിച്ച സംഭവം.

ഈ സംഭവം വിശദമായി വിവരിച്ചുകൊണ്ട് അല്ലാമാ നൂറുദ്ദീൻ ഹൽബി തന്റെ ഗ്രന്ഥമായ 'സീറത്തുൽ ഹൽബിയാ'യിൽ വിവരിക്കുന്നുണ്ട്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിൽ നിന്ന് നിവേദനം: ബദ്റിന്റെ മൈതാനത്ത് ഞാൻ ഉമയ്യാ ബിൻ ഖൽഫിനെ കണ്ടു. ജാഹിലിയ്യാ കാലഘട്ടത്തിൽ എന്റെ സുഹൃത്തായിരുന്നു അയാൾ. ഉമയ്യായോടൊപ്പം അയാളുടെ മകൻ അലിയും ഉണ്ടായിരുന്നു. അവൻ തന്റെ പിതാവിന്റെ കൈ പിടിച്ചിട്ടുണ്ടായിരുന്നു. നബി(സ) തിരുമേനി മക്കയിൽനിന്ന് മദീനയിൽ ഹിജ്റത്ത് പോകുന്നതിനുമുമ്പേ ഇസ്‌ലാം സ്വീകരിച്ചു കഴിഞ്ഞയാളാണ് ഈ അലി. ആ അവസരത്തിൽ അദ്ദേഹത്തിന്റെ ബന്ധുക്കൾ അദ്ദേഹത്തെ ഇസ്‌ലാമിൽനിന്ന് തെറ്റിക്കാൻ ശ്രമിച്ചിരുന്നു. ഇതിൽ അവർ വിജയിക്കുകയും ചെയ്തു. ഇസ്‌ലാം സ്വീകരിച്ചിരുന്നു, പിന്നീട് തെറ്റിപ്പോയി. പിന്നീട് ഇക്കൂട്ടർ സത്യനിഷേധത്തിൽത്തന്നെ മരിച്ചു. അവരെ കുറിച്ചാണ് അല്ലാഹു ഈ ആയത്ത് ഇറക്കിയത്. *ഇന്നല്ലദീന തവഫ്ഫാഹുമുൽമലാഇക്കത്തു ളാലിമീ അൻഫുസിഹിം ഖാലൂ ഫീമാ കുൻതും ഖാലൂ കുന്നാ മുസ്തള്അഫീന ഫിൽ അർളി*(4:98) തീർച്ചയായും സ്വന്തം ആത്മാക്കളോടു ദ്രോഹം ചെയ്തവരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവൻ പിടിച്ചെടുക്കുന്നുവോ ആ മലക്കുകൾ അവരോടു പറയും: 'നിങ്ങൾ ഏതു സ്ഥിതിയിലായിരുന്നു?' അപ്പോൾ അവർ പറയും: 'ഞങ്ങൾ നാട്ടിൽ ബലഹീനരായിരുന്നു.' പറയുന്നു: അത്തരമാളുകളിൽ ഹാരിഥ് ബിൻ റബീഅ, അബൂഖയ്സ് ബിൻ ഫാക്കിഹ്, അബൂ ഖയ്സ് ബിൻ വലീദ്, ആസ് ബിൻ മുനബ്ബിഹ്, അലിയ്യ് ബിൻ ഉമയ്യ എന്നിവരുമുണ്ടായിരുന്നു. അല്ലാമ നൂറുദ്ദീൻ ഹൽബി എഴുതുന്നു: സീറത്ത് ഹിശാമിയ്യ എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു: അവർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(സ)തിരുമേനി മക്കയിലായിരുന്നു. പിന്നീട് നബി(സ)തിരുമേനി മദീനയിൽ ഹിജ്റത്ത് ചെയ്തപ്പോൾ അവരെ അവരുടെ ബന്ധുക്കൾ മക്കയിൽതന്നെ തടഞ്ഞുവച്ചു. അവരെ പരീക്ഷണത്തിലിട്ടു. ഇതിന്റെ ഫലമായ അവർ കുഴപ്പത്തിൽപെട്ടുപോയി. ഇസ്‌ലാമിൽനിന്ന് തെറ്റിപ്പോയി. ഇസ്‌ലാം ഉപേക്ഷിച്ചു. പിന്നീട് അവർ ബദ്ർ യുദ്ധസമയത്ത് തങ്ങളുടെ ജനങ്ങളോടൊപ്പം പുറപ്പെട്ടു. ഇവരെല്ലാവരും അവിടെ വധിക്കപ്പെട്ടു. പൂർവാപരവാക്യബന്ധത്തിൽനിന്ന് മനസിലാകുന്നത് ഇക്കൂട്ടർ നബി(സ)തിരുമേനിയുടെ ഹിജ്റത്തിന് മുമ്പേ തങ്ങളുടെ ദീനിൽനിന്ന് തെറ്റിപ്പോയിരുന്നില്ലെന്നാണ്. ആദ്യ നിവേദനത്തിലെ പൂർവാപരവാക്യബന്ധത്തിൽ നിന്ന് മനസിലാകുന്നത് ഇക്കൂട്ടർ നബി(സ)തിരുമേനി മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്യുന്നതിനുമുമ്പേ സത്യനിഷേധത്തിലേക്ക് മടങ്ങി കഴിഞ്ഞിരുന്നുവെന്നാണ്.

ഹദ്റത്ത് അബ്ദുർറഹ്മാൻ പറയുന്നു: ‘എന്റെ പക്കൽ നിരവധി പടച്ചട്ടകൾ ഉണ്ടായിരുന്നു. അത് ഞാൻ ഏറ്റിയിരുന്നു. ഇവിടെ യുദ്ധത്തിലെ സംഭവം വിവരിക്കുകയാണ്. ഉമയ്യ എന്നെ കണ്ടപ്പോൾ എന്റെ ജാഹിലിയ കാലഘട്ടത്തിലെ പേരായ ‘ഏ അബ്ദു അംറ്’ എന്ന് വിളിച്ചു. ഞാൻ അയാൾക്ക് ഉത്തരം നല്കിയില്ല. കാരണം നബി(സ)തിരുമേനി എന്റെ പേരു അബ്ദുർറഹ്മാൻ എന്ന് വെച്ചപ്പോൾ എന്നോടു ചോദിച്ചു: നിന്റെ പൂർവപിതാക്കൾ നിനക്കിട്ട പേര് ഉപേക്ഷിക്കുന്നത് നീ ഇഷ്ടപ്പെടുമോ? ഞാൻ പറഞ്ഞു: ഇഷ്ടപ്പെടും! അപ്പോൾ ഉമയ്യ പറഞ്ഞു: റഹ്മാനെ എനിക്കറിയില്ല. ഉമയ്യ എന്റെ പേരെടുത്ത് വിളിച്ചപ്പോൾ, വീണ്ടും അബ്ദുർറഹ്മാൻ എന്ന് പറഞ്ഞപ്പോൾ ഞാൻ മറുപടി നല്കി. എന്തായാലും ബാഹ്യമായി നോക്കുമ്പോൾ മനസ്സിലാകുന്നത് ഉമയ്യ അദ്ദേഹത്തിന്റെ പഴയ പേരെടുത്ത് വിളിച്ചപ്പോൾ  വിളിക്കുന്നത് തന്നെയാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. എന്നാൽ, ആ വിളിക്ക് മറുപടി നല്കാതിരുന്നത് വിളിക്കുന്നയാൾ അദ്ദേഹത്തെ ഒരു ബിംബത്തിന്റെ അനുയായി എന്ന മനസ്സിലാക്കി വിളിച്ചതുകൊണ്ടാണ്. രണ്ടാമതായി ഒരു പക്ഷേ, ആരെയാണ് വിളിച്ചതെന്ന് മനസ്സിലാക്കാതെയുമാകും. കാരണം ആ നാമം അദ്ദേഹം ഉപേക്ഷിച്ചിട്ട് ഒരുപാട് കാലം കഴിഞ്ഞിരുന്നു. പിന്നീട് ഉമയ്യ അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പേരെടുത്തു വിളിച്ചപ്പോൾ താൻതന്നെയാണ് അതെന്ന് അദ്ദേഹം മനമസ്സിലാക്കുകയും ചെയ്തു. അദ്ദേഹം വിളിക്കുത്തരം നല്കി അയാളിലേക്ക് ശ്രദ്ധിച്ചു. അപ്പോൾ ഉമയ്യ അദ്ദേഹത്തോടു ചോദിച്ചു: നിന്നിൽ എനിക്ക് വല്ല  അവകാശവുമുണ്ടെങ്കിൽ, ഞാൻ നിനക്കുവേണ്ടി നിന്റെ പക്കലുള്ള ഈ പടച്ചട്ടകളെക്കാളൊക്കെ ഉത്തമനാണ്. പഴയ സുഹൃത്ബന്ധമുണ്ടായിരുന്നു. അങ്ങനെ സുഹൃത്ബന്ധം എടുത്തുപറഞ്ഞു. കാരണം ആ നേരത്തെ അവസ്ഥ എന്തായിരുന്നുവെന്നാൽ അവർക്ക് പരാജയമുണ്ടായി കഴിഞ്ഞിരുന്നു. രക്ഷപ്പെടുന്നതിനുവേണ്ടിയാണ് ഇത് പറഞ്ഞത്. ഇത് കടമയാണെങ്കിൽ ഞാൻ ഈ പടച്ചട്ടകളെക്കാൾ ഉത്തമനാണ്! എനിക്കുവേണ്ടി താങ്കൾ കാത്തിരിക്കുക. ഞാൻ അയാളോട് പറഞ്ഞു: ശരി. പിന്നീട് ഞാൻ പടച്ചട്ടകൾ താഴെ വെച്ച്, ഉമയ്യായുടെയും അയാളുടെ മകൻ അലിയുടെയും കൈകൾ പിടിച്ചു. ഉമയ്യാ പറയാൻ തുടങ്ങി: ഞാൻ ജീവിതത്തിൽ ഇന്ന് വരെ ഇന്നത്തെ ദിവസം പോലുള്ള മറ്റൊരു ദിവസം കണ്ടിട്ടില്ല. അതായത് ബദ്ർ ദിവസം. പിന്നീട് എന്നോട് അയാൾ ചോദിച്ചു: പടച്ചട്ടയിൽ നെഞ്ചിന്റെ ഭാഗത്ത് ഒട്ടകപക്ഷിയുടെ തൂവൽ ധരിച്ച വ്യക്തി ആരാണ്? ഞാൻ പറഞ്ഞു: ഹംസ ബിൻ അബ്ദുൽ മുത്ത്വലിബാണത്. അപ്പോൾ ഉമയ്യാ പറഞ്ഞു: ഇതെല്ലാം വരുത്തിവെച്ചത് അയാളാണ്. അദ്ദേഹം കാരണമാണ് ഈ അവസ്ഥ ഞങ്ങൾക്ക് ഉണ്ടായത്. എന്തായാലും അയാളുടെ അനുമാനമാണത്. ഇക്കാര്യം ഉമയ്യായുടെ മകനാണ് പറഞ്ഞതെന്നും അഭിപ്രായമുണ്ട്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് പറയുന്നു: അതിന് ശേഷം അവർ രണ്ടുപേരെയുംകൊണ്ട് ഞാൻ നടന്ന് പോകുമ്പോൾ പെട്ടെന്ന് ഹദ്റത്ത് ബിലാൽ, ഉമയ്യായെ എന്നോടൊപ്പം കണ്ടു. മക്കയിൽവെച്ച് ഇസ്ലാം ഉപേക്ഷിക്കുന്നതിന് ഉമയ്യാ വലിയ ശിക്ഷകൾ ബിലാലിന് നല്കിയിരുന്നു. ഹദ്റത്ത് ബിലാൽ ഉമയ്യായെ കണ്ടമാത്രയിൽ പറഞ്ഞു: അവിശ്വാസികളുടെ നേതാവ് ഉമയ്യാ ബിൻ ഖൽഫ് ഇവിടെയുണ്ട്. ഒരുപക്ഷേ ഇയാൾ രക്ഷപ്പെടുകയാണെങ്കിൽ മനസിലാക്കിക്കൊള്ളുക, ഞാൻ ബാക്കിയാവുകയില്ല. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് വിവരിക്കുന്നു: ഇതുകേട്ട് ഞാൻ പറഞ്ഞു: എന്റെ യുദ്ധതടവുകാരെ കുറിച്ച് ഇങ്ങനെയാണോ പറയുന്നത്. ഹദ്റത്ത് ബിലാൽ വലിയ ഉച്ചത്തിൽ പറഞ്ഞു, അല്ലയോ അല്ലാഹുവിന്റെ അൻസ്വാറേ! ഇത് അവിശ്വാസികളുടെ നേതാവ് ഉമയ്യാ ബിൻ ഖൽഫാണ്. ഇനി ഇയാൾ രക്ഷപ്പെടുകയാണെങ്കിൽ മനസിലാക്കി കൊള്ളുക ഞാൻ ബാക്കിയാവുകയില്ല. അങ്ങനെ പലവട്ടം പറഞ്ഞുകൊണ്ടിരുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് വിവരിക്കുന്നു: ഇത് കേട്ട് അൻസ്വാർ ഓടി വന്നു. അവർ നാല് വശത്ത് നിന്നും ഞങ്ങളെ വളഞ്ഞു. പിന്നെ ഹദ്റത്ത് ബിലാൽ വാൾ ഉയർത്തി ഉമയ്യായുടെ മകനെ ആക്രമിച്ചു. അതുമൂലം അവൻ നിലത്ത് വീണു. ഉമയ്യ ഭയന്നുകൊണ്ട് ഉച്ചത്തിൽ നിലവിളിച്ചു. അത്തരം നിലവിളി മുമ്പേ ഒരിക്കലും ഞാൻ കേട്ടിരുന്നില്ല. അതിന് ശേഷം അൻസ്വാർ അവർ രണ്ട് പേരെയും വാളുകൾ കൊണ്ട് തുണ്ടമാക്കി. (അസ്സീറത്തുൽ ഹൽബിയ്യ വാല്യം 2, പേജ് 232 –233, ഗസ് വത്ത് ബദ്റുൽ കുബ്റാ, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

സ്വഹീഹ് ബുഖാരിയിൽ ഉമയ്യായുടെ വധത്തെ സംബന്ധിച്ചുള്ള സംഭവം ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) നിവേദനം: ഞാൻ ഉമയ്യതുബ്നു ഖൽഫുമായി ഒരു കരാർ എഴുതി. അയാൾ മക്കയിൽ– അത് അക്കാലത്ത് ദാറുൽഹർബായിരുന്നു, എന്റെ മുതലുകളേയും ഭാര്യാമക്കളേയും സംരക്ഷിക്കുക. ഞാൻ അയാളുടെ സ്വത്തും വസ്തുവകകളും  മദീനയിൽ സംരക്ഷിക്കുന്നതാണ്.  ഇതായിരുന്നു കരാറിലെ വ്യവസ്ഥ. അങ്ങനെ ഞാൻ റഹ്മാൻ എന്നെഴുതിയപ്പോൾ ഉമയ്യത്ത് പറഞ്ഞു: റഹ്മാനെ ഞാൻ അറിയുകയില്ല. ജാഹിലിയ്യ കാലത്തെ നിന്റെ പേരു തന്നെ നീ എനിക്ക് എഴുതിത്തരിക.  അപ്പോൾ ഞാൻ അബ്ദു അംറ് എന്ന് അയാൾക്ക് എഴുതിക്കൊടുത്തു. അങ്ങനെ ബദ്ർ ദിവസം സമാഗതമായപ്പോൾ ഒരു പർവ്വതത്തിന്റെ നേരെ ഞാൻ പുറപ്പെട്ടു; ജനങ്ങൾ ഉറങ്ങിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഞാൻ അയാൾക്കു സംരക്ഷണം നല്കുവാൻവേണ്ടി. അപ്പോൾ ബിലാൽ ഉമയ്യത്തിനെ കണ്ടു. അദ്ദേഹം പുറപ്പെട്ടു. അൻസ്വാറിന്റെ ഒരു സംഘത്തിന്റെ അടുത്തുവന്നു ബിലാൽ പറഞ്ഞു:അതാ, ഉമയ്യത്തുബ്നു ഖൽഫ്! അയാൾ രക്ഷപ്പെട്ടാൽ എനിക്കു രക്ഷയില്ല. ഉടനെ ബിലാലിന്റെ കൂടെ ഒരു സംഘം അൻസ്വാർ ഞങ്ങളുടെ അടുക്കലേക്ക് പുറപ്പെട്ടു. ഞങ്ങളെ അവർ പിടികൂടുമെന്ന് ഞാൻ ഭയപ്പെട്ടപ്പോൾ  അവർ ഉമയ്യത്തിൽനിന്ന് അശ്രദ്ധരാകുവാൻ ഉമയ്യത്തിന്റെ മകനെ ഞാൻ അവർക്കു നല്കി. അപ്പോൾ അവർ അവനെ വധിച്ചു. ശേഷം അവർ ഞങ്ങളെ പിന്തുടരുകതന്നെ ചെയ്തു. ഉമയ്യത്ത് തടിച്ച ഒരു മനുഷ്യനായിരുന്നു. അവർ ഞങ്ങളെ സമീപിച്ചപ്പോൾ ഞാൻ പറഞ്ഞു, നീ മുട്ടുകുത്തി ഇരിക്കുക. അപ്പോൾ അയാൾ മുട്ടുകുത്തിയിരുന്നു. അയാളെ രക്ഷിക്കാൻവേണ്ടി എന്റെ ശരീരത്തെ ഞാൻ അയാളുടെ മേൽ ഇട്ടു. എങ്കിലും എന്റെ ഇടയിലൂടെ അവർ വാൾ കടത്തിക്കൊണ്ട് അയാളെ വധിച്ചു കളഞ്ഞു. അവരിൽ ഒരാളുടെ വാൾ എന്റെ കാലിന് മുറിവേല്പിച്ചു. അബ്ദുറഹ്മാൻ ആ മുറിവിന്റെ അടയാളം ഞങ്ങളെ കാണിക്കാറുണ്ട്.(സ്വഹീഹുൽ ബുഖാരി കിതാബുൽ വക്കാലത്ത്  നമ്പർ 2301)

ഉമയ്യായേയും അയാളുടെ മകനേയും ആരാണ് വധിച്ചത്? ഇതുസംബന്ധമായി പ്രസിദ്ധമായിട്ടുള്ളത് ഉമയ്യായെ അൻസ്വാറിന്റെ ഗോത്രമായ ബനൂ മാസനിലെ ഒരു വ്യക്തി വധിച്ചുവെന്നാണ് . എന്നാൽ, ഇബ്നു ഹിശാം പറയുന്നത്, ഉമയ്യായെ ഹദ്റത്ത് മുആദ് ബിൻ അഫറാ, ഖാരിജ ബിൻ സയ്ദ്, ഖുബയ്ബ് ബിൻ ഇസാഫ് എന്നിവർ ചേർന്ന് വധിച്ചുവെന്നാണ്. അതായത് ഇപ്പോൾ വിവരിച്ച് കൊണ്ടിരിക്കുന്ന സ്വഹാബിയും ഇതിൽ ഉൾപ്പെട്ടിരുന്നു. അതുപോലെ ഹദ്റത്ത് ബിലാലാണ് അയാളെ വധിച്ചതെന്നും പറയപ്പെടുന്നുണ്ട്. യഥാർഥത്തിൽ എല്ലാ സ്വഹാബത്തും ഉമയ്യായുടെ വധത്തിൽ പങ്കെടുത്തിരുന്നു. ഉമയ്യായുടെ മകൻ അലിയെ ഹദ്റത്ത് ബിലാൽ ആക്രമിച്ച് നിലത്ത് വീഴ്ത്തി. പിന്നീട് അയാളെ അമ്മാർ ബിൻ യാസിർ വധിച്ചു കളഞ്ഞു.(ശറഹ് അസ്സുർഖാനി അലൽ മവാഹിബിൽ ല്ലദന്നിയ, ഭാഗം 2, പേജ് 296, ബാബു ഗസ്വത്തു ബദ്റുൽകുബ്റാ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

ചില സംഭവങ്ങളുടെ വിശദീകരണത്തിന് ഈ സ്വഹാബിയുമായി നേരിട്ട് ബന്ധമൊന്നുമില്ലെങ്കിൽതന്നെയും അതിൽ അദ്ദേഹത്തെ കുറിച്ചും പറയുന്നുണ്ട്. ഞാൻ ഇത് വിവരിക്കാൻ കാരണം, നമുക്കും ചരിത്രത്തെ സംബന്ധിച്ച് കുറച്ച് അറിവുണ്ടാകുന്നതിന് വേണ്ടിയാണ്.

ഖുബയ്ബ് ബിൻ അബ്ദുറഹ്മാൻ വിവരിക്കുന്നു, എന്റെ പിതാമഹൻ ഹദ്റത്ത് ഖുബയ്ബിന് ബദ്ർ യുദ്ധവേളയിൽ ഒരു മുറിവുണ്ടായി. അതുമൂലം അദ്ദേഹത്തിന്റെവാരിയെല്ല് ഒടിഞ്ഞുപോയി. നബി(സ)തിരുമേനി ആ സ്ഥലത്ത് തന്റെ ഉമിനീർകൊണ്ട് തടവി. അതിന്റെ നിശ്ചിത സ്ഥാനത്തുവച്ച് അതിനെ ശരിയാക്കി. അങ്ങനെ ഹദ്റത്ത് ഖുബയ്ബ് പിന്നീട് നടക്കാൻ തുടങ്ങി. മറ്റൊരു നിവേദനത്തിൽ ഇതിനെ കുറിച്ച് പറയുന്നു, ഹദ്റത്ത് ഖുബയ്ബ് വിവരിക്കുന്നു, ഒരു യുദ്ധത്തിൽ എന്റെ തോളിന് കഠിനമായ മുറിവ് പറ്റി. അത് എന്റെ മുതുകുവരെ എത്തിയിരുന്നു. അതുകാരണം എന്റെ കൈ തൂങ്ങി കിടന്നു. അങ്ങനെ ഞാൻ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജറായി. അപ്പോൾ അവിടന്ന് തന്റെ പരിശുദ്ധ ഉമിനീർകൊണ്ട് അവിടെ തടവി. അങ്ങനെ കൈ അതിനോടൊപ്പം ചേരുകയും പൂർണസുഖം പ്രാപിക്കുകയും എന്റെ മുറിവ് ഉണങ്ങുകയും ചെയ്തു.(ഉസു


## ഹദീഥുന്നബ്വി (സ):

***ആഇശ(റ)പറയുന്നു:‘നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.’***

***(ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: ‘പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.’**

**(ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer &  Family**
**Ahmadiyya Jama-ath Karulai, Kerala.**

ദുൽ ഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 3, പേജ് 152, ഖുബയ്ബ് ബിൻ ഇസാഫ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2008). (അൽബദായ വന്നഹായ ലിഇബ്നി കഥീർ വാള്യം 3, ഭാഗം 6, പേജ് 166 –167, ഹിജ്റ 11, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2001)

ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ഹദ്റത്ത് ഖുബയ്ബ്(റ) വഫാത്തായി. മറ്റൊരു അഭിപ്രായപ്രകാരം അദ്ദേഹം ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് കാലത്താണ് വഫാത്തായത്. (അൽഇസ്വാബ ഫീ തമീസ്സിസ്സ്വഹാബ, വാള്യം 2, പേജ് 224, ഖുബയ്ബ് ബിൻ ഇസാഫ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2005)(അത്ത്വബഖാത്തുൽകുബ്റാ, വാള്യം 3, പേജ് 276, വമിൻബനീ ജുശമ്... ഖുബയ്ബ് ബിൻ യസാഫ് ദാറു അഹ്യാഉത്തുറാഥ് അൽ അറബി ബേറൂത്ത് ലബ്നാൻ 1996).

അല്ലാഹു ഈ സ്വഹാബാക്കളുടെ പദവികൾ ഉയർത്തുമാറാകട്ടെ.

ഇനി ഞാൻ മൂന്ന് പരേതാത്മക്കളെക്കുറിച്ച് സ്മരിക്കുന്നതാണ്. അവരുടെ ജനാസയും നമസ്കാരങ്ങൾക്കുശേഷം നമസ്കരിപ്പിക്കുന്നതാണ്.

റബ്വയിലെ സയ്യിദ് മുഹമ്മദ് സർവർ സാഹിബിന്റെ ഭാര്യ റശീദാബീഗം സാഹിബയുടെ ജനാസയാണ് ഒന്ന്. അവർ 2019 ആഗസ്ത് 24 ന് 74–ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അവരുടെ പൂർവികർ കശ്മീരിലെ ചാർക്കോട്ടിൽനിന്ന് ഹിജ്റത്ത് ചെയ്ത് പാകിസ്താനിൽ വന്നവരായിരുന്നു. അവരുടെ പിതാവ് ദീൻ മുഹമ്മദ് സാഹിബ് റെയിൽവെ ഉദ്യോഗസ്ഥനായിരുന്നു. അവർക്ക് അഞ്ചുവയസ്സുള്ളപ്പോൾ പിതാവ് മരിച്ചു. അതിനുശേഷം അവരുടെ മാതാവ് വളരെ ബുദ്ധിമുട്ടിയും കഷ്ടപ്പെട്ടും തന്റെ മക്കളെ പോറ്റിവളർത്തി. പരേതയുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വരുന്നത് അവരുടെ പിതാമഹൻ ഫതഹ് മുഹമ്മദ് സാഹിബ് മുഖേനയാണ്. അദ്ദേഹം ഖാദിയാനിൽപോയി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായ ഹദ്റത്ത് ഖാളി മുഹമ്മദ് അക്ബർ സാഹിബ് മുഖേന ബയ്അത്ത് ചെയ്തു. ഖാളി സാഹിബ് 1894ൽ സൂര്യചന്ദ്ര ഗ്രഹണങ്ങളുടെ ദൃഷ്ടാന്തം കണ്ട് തന്റെ പ്രദേശങ്ങളിലും കുടുംബത്തിലുമുള്ള ആളുകളോട്, ഈ അടയാളത്തിൽനിന്ന് ഇമാം മഹ്ദി അലയ്ഹിസ്സലാം വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാകുന്നുവെന്ന് പറഞ്ഞിരുന്നു. പിന്നീട് അദ്ദേഹം മുഖേന ഇവർക്ക് അഹ്മദിയ്യത്തിന്റെ സന്ദേശമെത്തുകയും ബയ്അത്ത് നടക്കുകയും ചെയ്തു. ഇവരുടെ ഒരു മകൻ മുഹമ്മദ് ദക്രിയാ സാഹിബ് ലൈബീരിയായിൽ മുബല്ലിഗാണ്. അദ്ദേഹം പറയുന്നു. എന്റെ മാതാവ് ചന്ദകൾ മുടങ്ങാതെ കൊടുത്തിരുന്നു. ചന്ദയുടെ കാര്യത്തിൽ എപ്പോഴും ചിന്തയായിരുന്നു. തന്റെ ചന്ദ കൊടുത്തോ എന്ന് എപ്പോഴും ചോദിച്ചുകൊണ്ടിരിക്കുമായിരുന്നു. ഇതിനു പുറമെ കുട്ടികളുടെ തർബിയ്യത്തിന്റെ കാര്യത്തിലും ചിന്തയായിരുന്നു. വളരെ ശ്രദ്ധിച്ചിരുന്നു. അനാവശ്യമായി കുട്ടികളെ വെളിയിൽ വിടുമായിരുന്നില്ല; കുട്ടികൾക്ക് അലഞ്ഞുതിരിഞ്ഞു നടക്കുന്ന ശീലമുണ്ടാകാതിരിക്കാനായിരുന്നു ഇത്. അല്ലെങ്കിൽ വെളിയിൽ പോയി എന്തെങ്കിലും ദുശ്ശീലമുണ്ടാകാതിരിക്കാൻ. അദ്ദേഹം പറയുന്നു. കുട്ടിക്കാലത്ത് പിതാവ് ഞങ്ങൾ സഹോദരന്മാരെ മസ്ജിദിൽ കൊണ്ടുപോയി ജമാഅത്തായി നമസ്കരിക്കാൻ പറയുമ്പോൾ, പ്രത്യേകിച്ചും സുബ്ഹി നമസ്കാരത്തിന് ഉണർത്തുമ്പോൾ മാതാവ് കുട്ടികളെ മസ്ജിദിൽ അയക്കുന്നതിന് പ്രത്യേകമായ പങ്കുവഹിക്കാറുണ്ടായിരുന്നു. ഞങ്ങൾ മസ്ജിദിൽ പോകാനിറങ്ങുന്നതുവരെ സ്വസ്ഥമായി ഇരിക്കുമായിരുന്നില്ല. ഖിലാഫത്തിനോടു, വലിയ സ്നേഹത്തിന്റേയും കൂറിന്റേയും പ്രീതിയുടേയും ബന്ധമായിരുന്നു. വളരെ ശ്രദ്ധയോടെ ഖുത്ബകൾ കേൾക്കുമായിരുന്നു. അതിലെ പോയന്റുകൾ നോട്ടുചെയ്ത് വെക്കുമായിരുന്നു. സംഗ്രഹമെടുക്കുമായിരുന്നു. പിന്നീട് കുട്ടികളുമായി ഡിസ്കസ് ചെയ്യുമായിരുന്നു. പരേതയുടെ മൂത്തമകൾ പറയുന്നു. അവസാനസമയംവരെ നമസസ്കാരത്തിൽ ശ്രദ്ധാലുവായിരുന്നു. അന്ത്യസമയത്ത് ദീർഘമായി നമസ്കരിച്ചു. ചിന്തയ്ക്കൊന്നും വക നല്കിയില്ല. നമസ്കാരം കഴിഞ്ഞുടനെ ആരോഗ്യം വഷളായി. ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ഹൃദയാഘാതം കാരണത്താൽ, ഹൃദയസ്തംഭനം കാരണത്താൽ അല്ലാഹുവിന് പ്രിയപ്പട്ടവളായി. ദൈവകൃപയാൽ 1/8 വസിയ്യത്തായിരുന്നു അവരുടേത്.

അവരുടെ അഞ്ച് പുത്രന്മാർക്ക് വാഖ്ഫീനെ സിന്ദഗി എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നു. രണ്ടു പുത്രന്മാർ മുഹമ്മദ് മുഹ്സിൻ തബസ്സുമും മുഹമ്മദ് മുഅ്മിൻ സാഹിബും മുഅല്ലിം വഖ്ഫെ ജദീദ് എന്ന നിലയിൽ റബ്വയിൽ സേവനം ചെയ്തുവരുന്നു. രണ്ടുപുത്രന്മാർ ദാവൂദ് ഉഫ്ർ സാഹിബും സക്രിയാ സാഹിബും മുറബ്ബിമാരാണ്. ഒരു മകൻ ആസിഫ് സാഹിബ് വഖ്ഫെനൗ ആണ്. ഇദ്ദേഹം ഖിലാഫത്ത് ലൈബ്രറിയിൽ കമ്പ്യൂട്ടർ സെക്ഷനിലാണ്. മുഹമ്മദ് സക്രിയ്യാ സാഹിബ് ഇപ്പോൾ ലൈബീരിയായിൽ ഞാൻ പറഞ്ഞതുപോലെ മുബല്ലിഗാണ്. മാതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ പോകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അദ്ദേഹവും വളരെ ക്ഷമയുടെ മാതൃക കാണിച്ചു. വിദേശരാജ്യത്ത് തന്റെ ചുമതല പതിവുപോലെ നിർവഹിച്ചുകൊണ്ടിരുന്നു. ജോലി ചെയ്യാൻ കഴിയുന്നില്ല, എന്നൊന്നും പ്രകടിപ്പിച്ചില്ല. അല്ലാഹു അവരുടെ മക്കൾക്കും ക്ഷമിക്കാനുള്ള കരുത്ത് നല്കുമാറാകട്ടെ. പ്രത്യേകിച്ചും ലൈബീരിയായിലുള്ള ഈ മകന്; വഫാത്തിന്റെ നേരത്ത് മാതാവിനെ കാണാൻ കഴിഞ്ഞില്ല. തങ്ങളുടെ മാതാവിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ അല്ലാഹു എല്ലാ മക്കൾക്കും തൗഫീഖ് നല്കുമാറാകട്ടെ. അവരുടെ മാതാവിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഫിജിയിലെ നാദി(Nadi) അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്വദ്റായിരുന്ന മുഹമ്മദ് ശംശീർ ഖാൻ സാഹിബിന്റേതാണ്. സെപ്തംബർ 5ന് അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1952ലാണ് അദ്ദേഹം ജനിച്ചത്. 1962ൽ തന്റെ പിതാവിനോടൊപ്പം ലാഹോറി ജമാഅത്തിൽനിന്ന് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. ആദ്യം ഇദ്ദേഹം പേഗാമിയായിരുന്നു. ഫിജിയിൽ പേഗാമി അല്ലെങ്കിൽ ലാഹോറിജമാഅത്തിന്റെ ഒരുപാടാളുകളുണ്ട്. എന്തായാലും തന്റെ പിതാവിനോടൊപ്പം അദ്ദേഹം ബയ്അത്ത് ചെയ്തുവന്നു. 1962–ൽ അഹ്മദിയായി. ഇദ്ദേഹം ഫിജി ജമാഅത്തിന്റെ പ്രാരംഭകാല അംഗങ്ങളിൽപെട്ടയാളായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദീർഘകാലം ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അഹ്മദിയ്യാ ജമാഅത്തുകളായ മാറു(Maru)യിലും സുവാ(Suva)യിലും നാദി(Nadi)യിലും ലൗട്ടോക്കാ(Lautoka)യിലും മസ്ജിദ് നിർമാണങ്ങളിൽ സുപ്രധാമായ പങ്കുവഹിച്ചു. 2010 മുതൽ മരിക്കുന്നതുവരെ നാദി ജമാഅത്തിന്റെ സ്വദ്ർ എന്ന നിലയിൽ സേവനം ചെയ്തു. ദീർഘകാലം നാഷണൽ സെക്രട്ടറി ഇശാഅത്ത് എന്നീ നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഭൗതികമായനിലയിലും ദൈവകൃപയാൽ വലിയ ആദരണീയ ദൃഷ്ടിയോടെ അദ്ദേഹം നോക്കപ്പെട്ടിരുന്നു. പക്ഷേ, ജമാഅത്തിന്റെ ജോലിക്ക് എപ്പോഴും മുൻഗണന നല്കിയിരുന്നു. സ്വദ്ർ ജമാഅത്ത്, നാഷണൽ സെക്രട്ടറി ഇശാഅത്ത് എന്നതിനു പുറമെ അഹ്മദിയ്യാ മുസ്ലിം പ്രൈമറി സ്കൂൾ ലൗട്ടോക്കോയുടെ മാനേജരുമായിരുന്നു. അങ്ങേയറ്റം ആത്മാർഥനും ഖിലാഫത്തിന്റെ പ്രേമിയും അനുസരണശാലിയുമായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യ റാളിയ ഖാൻ സാഹിബയും ഒരു മകൾ നാദി നഫീസയുമുണ്ട്. അല്ലാഹു പരേതാത്മാവിന് പൊറുക്കുകയും കരുണ ചൊരിയുകയും ചെയ്യുമാറാകട്ടെ. അവരുടെ മക്കൾക്കും നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

മൂന്നാമത്തെ ജനാസ കിർദിസ്താനിലെ ഫാത്വിമ മുഹമ്മദ് മുസ്തഫാ(ഇപ്പോൾ നോർവെ) സാഹിബയുടേതാണ്. ജൂൺ 13ന് അവർ വഫാത്തായി. പക്ഷേ, അല്പം താമസിച്ചാണ് വിവരങ്ങൾ ലഭ്യമായത്. അതുകൊണ്ട് താമസിച്ചാണ് ജനാസ നമസ്കരിപ്പിക്കുന്നത്. 88–ാം വയസ്സിലാണ് അവർ വഫാത്തായത്. സന്തപ്ത കുടുംബത്തിൽ 3 പുത്രിമ്മാരും 5 പുത്രന്മാരുമുണ്ട്. ഇവരിൽ ഒരു മകൾ ബീർ യഫാൻ മുഹമ്മദ് സഊദ് സാഹിബ മാത്രമാണ് അഹ്മദി. ഇപ്പോൾ ഇവർ നോർവെയിലാണ് താമസിക്കുന്നത്. ഈ മകൾ പറയുന്നു: ഞാൻ 1998ലാണ് നോർവെയിൽ വന്നത്. ഇവിടെ എനിക്ക് ഒരുപാട് കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നു. അതുകൊണ്ട് എന്റെ മാതാവ് സഹായിക്കാനായി കിർദിസ്താനിൽനിന്ന് നോർവെയിലേക്ക് ഷിഫ്റ്റ് ചെയ്തു. മാതാവ് നിരക്ഷരയായിരുന്നുവെങ്കിലും അവർക്ക് വിശുദ്ധഖുർആനിലെ ഒരുപാട് ആയത്തുകളും ഒരുപാട് ഹദീഥുകളും ഹൃദിസ്തമായിരുന്നു. എഴുത്തിനോടും വായനയോടുമുള്ള താൽപര്യം എത്രമാത്രം ആയിരുന്നുവെന്നാൽ നാല്പതിനുമേൽ പ്രായമുണ്ടായിരുന്നിട്ടും അവർ കഠിനാധ്വാനം ചെയ്ത് എഴുത്തും വായനയും പഠിച്ചു. അവരുടെ ജീവിതത്തിലെ സുപ്രധാനമായ ജോലി നമസ്കാരം സമയത്ത് നമസ്കരിക്കുക എന്നതായിരുന്നു. ഇതുപോലെതന്നെ ധാരാളം നോമ്പും പിടിക്കുമായിരുന്നു. നോമ്പു പിടിക്കാൻ കഴിവില്ലാത്തവർക്കു വേണ്ടി താൻ നോമ്പുപിടിക്കുന്നുവെന്ന് മിക്കപ്പോഴും പറയുമായിരുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിൽ എത്രമാത്രം താൽപര്യം

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

കാണിച്ചിരുന്നുവെന്നാൽ ഇറാഖിൽ ചില നേരത്ത് മാതാവ് 50 മൈൽ യാത്രചെയ്ത്, ശുശ്രൂഷിക്കാൻ ആരുമില്ലാത്തവരുടെ കൂടെ ആശുപത്രിയിൽ പോകുമായിരുന്നു. അതോടൊപ്പം അവരെ സാമ്പത്തികമായി സഹായിക്കുകയും ചെയ്തിരുന്നു. മകൾ പറയുന്നു: അവരുടെ മരണത്തിൽ എനിക്ക് ഒരുപാട് ജനതകളുമായി ബന്ധംവെക്കുന്നവരിൽനിന്നുള്ള നിരവധിയാളുകളുടെ കത്തുകൾ ലഭിച്ചു. പ്രത്യേകിച്ചും പാകിസ്താനി അഹ്മദി സഹോദരിമാർ കരഞ്ഞുകൊണ്ട്, തങ്ങളുമായി പ്രത്യേക സ്നേഹബന്ധം പുലർത്തിയിരുന്നുവെന്നുള്ള കാര്യം പ്രകടിപ്പിച്ചിരിക്കുന്നു. മകൾ പറയുന്നു. ഞാൻ ജനിച്ചതുമുതൽ മാതാവിന്റെ കൂടെതന്നെയാണ് താമസിച്ചിരുന്നത്. അവരുടെ ശ്രേഷ്ഠമായ സ്വഭാവങ്ങളും നന്മ നിറഞ്ഞ ജീവിതവും കാണാൻ അവസരം കിട്ടി. ആരെക്കുറിച്ചും നെഗറ്റീവായിട്ടുള്ള ഒരു കാര്യവും മനസ്സിൽവെക്കുമായിരുന്നില്ല. വലിയ വലിയ തെറ്റുകൾപോലും പൊറുത്തുകൊടുക്കാൻ തയ്യാറായിരുന്നു. സ്വന്തം എതിരാണെങ്കിൽപോലും സത്യം പറയണമെന്നുള്ള നിയമം പഠിപ്പിച്ചിരുന്നു. അതുപോലെതന്നെ പറയുമായിരുന്നു. നിന്റെ കണ്ണോ കൈയോ എന്തെങ്കിലും തെറ്റുചെയ്താൽ നിന്റെ കണ്ണും കൈയും തെറ്റു ചെയ്തിരിക്കുന്നുവെന്ന് പറയാനുള്ള ചങ്കൂറ്റം ഉണ്ടായിരിക്കേണ്ടതാണ്. എല്ലാവരോടും മന്ദസ്മിത മുഖത്തോടുകൂടി പെരുമാറണം. അവരുടെ നാവ് പ്രാർഥനകൊണ്ട് എപ്പോഴും ആർദ്രമായിരുന്നു. അല്ലാഹുവിനോടും നബി(സ) തിരുമേനിയോടും അവർക്ക് പ്രേമമായിരുന്നു. പറയുന്നു. ഒരുപക്ഷേ അതുകൊണ്ടായിരിക്കും അല്ലാഹു അവർക്ക് കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്യാൻ തൗഫീഖ് നല്കിയത്.

മകൾ എഴുതുന്നു: 2007–ൽ എനിക്ക് വേഗം എം.ടി.എ. കിട്ടി. പിന്നീട് അപ്രത്യക്ഷമായി. ഒരുപാട് തിരഞ്ഞെങ്കിലും വർഷങ്ങളായി കിട്ടുന്നുണ്ടായിരുന്നില്ല. മൂന്നു വർഷത്തിനുശേഷം ഒരു ദിവസം 2010ൽ വീണ്ടും എം.ടി.എ അൽഅറബിയ കിട്ടി. ഞാൻ വീട്ടിൽ ഉച്ചത്തിൽ ബഹളം വച്ചു. ഉമ്മായെ വിളിച്ചു; ചാനൽ കിട്ടി!! ഈ ചാനൽ കഴിഞ്ഞ മൂന്നുവർഷമായി ഞാൻ തിരയുകയായിരുന്നുവെന്ന് പറഞ്ഞു. ഉമ്മയോടു ഞാൻ പറഞ്ഞു. വരൂ, കേൾക്കൂ, കാരണം ഇക്കൂട്ടർ പറയുന്നത് നമ്മൾ കാത്തിരിക്കുന്ന ഇമാം മഹ്ദിയും മസീഹ് മൗഊദും വെളിപ്പെട്ടിരിക്കുന്നുവെന്നാണ്; ഞങ്ങളുടെ പിതാവും ഇതു പറയാറുണ്ടായിരുന്നു. പറയുന്നു. എന്റെ ഉമ്മയും എന്നോടൊപ്പം എം.ടി.എ കാണാൻ തുടങ്ങി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ എന്റെ ഉമ്മ എന്റെ സഹോദരീസഹോദരന്മാരോട് ഈ സംഭവം പറഞ്ഞു. പക്ഷേ, അവർ പറഞ്ഞതുകേട്ട് ഉമ്മയുടെ മുഖം വിളറി ചെമന്നു. പക്ഷേ, അവർ പറഞ്ഞതൊന്നും കേൾക്കാതെ എം.ടി.എ സ്ഥിരമായി കണ്ടുകൊണ്ടിരുന്നു. പിന്നീട് അവർ കിർദിസ്താനിൽ പോയപ്പോൾ എന്റെ സഹോദരന്മാരുടെ സംസാരങ്ങൾ ഉമ്മായുടെ മനസ്സിനെ സ്വാധീനിച്ചു. എനിക്കെതിരായി. വീണ്ടും എന്റെയടുത്തുവന്നു. എന്നെയും എം.ടി.എ കാണുന്നതിൽനിന്ന് തടയാൻ നോക്കി. പറയുന്നു: ഞാൻ ബയ്അത്ത് ചെയ്തപ്പോൾ അവസ്ഥകൾ കൂടുതൽ വഷളായി. നിങ്ങളുടെ മകൾ കാഫിറായിപ്പോയെന്ന് എന്റെ ഉമ്മായോട് അവർ പറഞ്ഞു. എന്റെ സഹോദരന്മാരുടെയടുക്കൽ ചെല്ലുമ്പോൾ എനിക്കെതിരാകും. തിരിച്ചുവന്നാൽ എം.ടി.എ. കാണാൻ തുടങ്ങും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖസീദകൾ അവർക്ക് വളരെ ഇഷ്ടമായിരുന്നു. അതുകേൾക്കുമ്പോൾ കരയുമായിരുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖസീദ യാ അയ്ന ഫയ്ളില്ലാഹി വൽഇർഫാനീ മുളുമായിരുന്നു. ഞാൻ അവരോടു ചോദിച്ചു ഇത്തരം കവിത പറയുന്നവരെ കാഫിർ എന്ന് പറയാൻ പാടുണ്ടോ? ദ്വേഷത്തോടെ ഉമ്മ എന്നെ നോക്കി. എന്നിട്ട് പറഞ്ഞു. ഇത്തരം മനുഷ്യനെ കാഫിർ എന്നു പറയുന്നവൻ എത്ര വലിയ അക്രമിയാണ്. ഞാൻ ഉമ്മയോടു പറഞ്ഞു. നിങ്ങളുടെ മക്കളും ഇക്കൂട്ടത്തിൽപ്പെട്ടവരാണ്. ഇതുകേട്ട് നിശബ്ദയായി. പിന്നീട് ഞാൻ എന്റെ ഉമ്മയോടു പറഞ്ഞു, നിങ്ങൾ നിങ്ങളുടെ ഈമാനികശക്തികൊണ്ട് പ്രസിദ്ധയാണ്. പിന്നീട് എന്തിനാണ് ഭയപ്പെടുന്നത്. അല്ലാഹുവിനേയോ? മക്കളേയോ? എന്റെ ഈ ചോദ്യം അവരെ സ്വാധീനിച്ചു. പക്ഷേ, മറുപടി നല്കിയില്ല. ആ രാത്രി എന്നെ വിളിച്ചിട്ട് പറഞ്ഞു. ജമാഅത്തിന്റെ കേന്ദ്രത്തിലേക്ക് ഫോൺ ചെയ്ത് എനിക്ക് ബയ്അത്ത് ചെയ്യണമെന്ന് പറയുക. ഞാൻ പറഞ്ഞു: വീണ്ടും ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യുക; ഉറച്ചുനില്ക്കുന്നതിനുവേണ്ടി. പറയുന്നു. രാത്രി മുഴുവൻ ചിന്തിച്ചു. ദുആ ചെയ്തു. രാവിലെ എഴുന്നേറ്റപ്പോൾതന്നെ പറഞ്ഞു. ബയ്അത്ത് ചെയ്യണമെന്ന് ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇപ്രകാരംതന്നെ 2018ൽ ഞാൻ അവിടെ പോയപ്പോൾ എന്നെ കാണാനുള്ള അവസരം അവർക്കു കിട്ടി. കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ച നടന്നതിൽ അതീവ സന്തുഷ്ടയായിരുന്നു. എല്ലാവരോടും അതു പറഞ്ഞിരുന്നു. ഖിലാഫത്തിനോടും കൂറു പുലർത്തിയ ബന്ധമായിരുന്നു. അല്ലാഹു പൊറുക്കലോടും കരുണയോടുംകൂടി അവരോടു പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ മകളുടെ ഈമാനും ദൃഢഗാഢമാക്കുമാറാകട്ടെ. അഹ്മദിയല്ലാത്ത മറ്റു മക്കളുടെ മനസ്സും തുറക്കുമാറാകട്ടെ. അവർക്കുവേണ്ടി അവർ ചെയ്ത ദുആകൾ സ്വീകരിക്കുമാറാകട്ടെ.

★★★

# ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ചുള്ള അടിയന്തര വിളംബരം

2019 ഡിസംബറിൽ നടക്കാൻ പോകുന്ന ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ച് ബദ്ർ പത്രത്തിൽ 'ഇത് 125–ാമത് ജൽസ'യാണെന്ന് വിളംബരം വന്നുകൊണ്ടിരുന്നു. ഈ ചരിത്രപരമായ ജൽസ പരിഗണിച്ച് ഹുദൂർ അയ്യദഹുല്ലാഹ് ചില പ്രത്യേക പരിപാടികൾക്ക് സമ്മതവും തന്നിരുന്നു. ഇതിന്റെ വിവരം സർക്കുലർ മുഖേന ജമാഅത്തുകളെ അറിയിക്കുകയും ചെയ്തിരുന്നു. ഇതിന്നിടയിൽ 'ഖാദിയാൻ അഹ്മദിയ്യ ചരിത്രവിഭാഗ'ത്തിന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ '2019–ൽ നടക്കാൻ പോകുന്ന ജൽസ 125–ാമത് ജൽസ അല്ല, 126–ാമത് ജൽസയാണെന്ന് വിവരം ഹുദൂറിനെ അറിയിക്കുകയുണ്ടായി.

ഹുദൂർ അയ്യദഹുല്ലാഹ് അതിന് സമ്മതം നല്കുകയും പ്രോഗ്രാം തുടർന്നുകൊണ്ടുപോകാൻ നിർദേശിക്കുകയും ചെയ്തിരിക്കുന്നു. ബദ്ർ വായനക്കാർ ഇക്കാര്യം ശ്രദ്ധിക്കുക

**(ഖാഇം മഖാം നാളിർ ഇസ്‌ലാഹ് വ ഇർശാദ്, മർക്കസിയ്യ)**

# സിയറ ലിയോൺ ജാമിഅത്തുൽ മുബശ്ശിരീനിൽ വിശുദ്ധഖുർആൻ പാരായണ മത്സരം:

ജാമിഅ അഹ്മദിയ്യാ സിയറ ലിയോൺ (Sierra Leone)ലെ വിദ്യാർഥികളുടെ വൈജ്ഞാനികമായ കഴിവുകൾ വർധിപ്പിക്കുന്നതിനും മാത്സര്യത്തിന്റെ ആത്മാവ് ഉണ്ടാക്കുന്നതിനും വേണ്ടി വൈജ്ഞാനിക മജ്‌ലിസ് രൂപീകരിച്ചിട്ടുണ്ട്. വിദ്യാർഥികളെ മൂന്ന് ഗ്രൂപ്പായി തിരിച്ച് (നൂർ, മഹ്മൂദ്, നാസ്വിർ) അവരുടെ ഇടയിൽ വിവിധ രീതിയിലുള്ള മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഓരോ ഗ്രൂപ്പിന്റേയും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും മത്സരങ്ങളുടെ തയ്യാറെടുപ്പിനും വേണ്ടി ഓരോ ഗ്രൂപ്പിനും ജാമിആയിലെ ഓരോ ഉസ്താദിനെ നിയമിച്ചിട്ടുണ്ട്. ആഴ്ചതോറും അവരുടെ മീറ്റിംഗും നടത്താറുണ്ട്.

പുതിയ വിദ്യാഭ്യാസ വർഷത്തിന്റെ തുടക്കംമുതലെ ഔവ്വലിലെ വിദ്യാർഥികളെ ഗ്രൂപ്പുകളായി തിരിച്ച് അവരുടെ ഇടയിൽ 2019 സെപ്തംബർ 18ന് ആദ്യത്തെ ഖുർആൻ പാരായണ മത്സരം നടത്തി. മത്സരത്തിന് സിലബസൊന്നും നിശ്ചയിച്ചിരുന്നില്ല. ജാമിഅത്തുൽ മുബശ്ശിരീൻ പ്രിൻസിപ്പാൾ മുബാറക് അഹ്മദ് ഘുമൻ സാഹിബ് അധ്യക്ഷനായി. ഹാഫിള് നവേദ് റബ്ബി സാഹിബ്, ഇദ്‌രീസ് അഹ്മദ് സാഹിബ്, ഹാഫിള് ശേയ്ഖ് ള്ളാഫിർ അഹ്മദ് സാഹിബ് എന്നിവർ വിധികർത്താക്കളായി.

വിശുദ്ധഖുർആൻ പാരായണത്തോടെ മത്സരത്തിന് തുടക്കം കുറിച്ചു. അതിനുശേഷം മത്സരനിയമങ്ങൾ വായിച്ചു കേൾപ്പിച്ചു. ഓരോ ഗ്രൂപ്പിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 5 വിദ്യാർഥികൾ പങ്കെടുത്തു. പ്രിൻസിപ്പാൾ സാഹിബ് ഫലപ്രഖ്യാപനം നടത്തി. വിധികർത്താക്കളുടെ തീരുമാനമനുസരിച്ച് അസീസം സുലയ്മാൻശൊ (നൂർ ഗ്രൂപ്പ്) ഒന്നും അസീസം മുഹമ്മദ് യീറൊകുമാരാ (നാസ്വിർ ഗ്രൂപ്പ്) രണ്ടും അസീസം മുഹമ്മദ് കുമാരാ (നൂർ ഗ്രൂപ്പ്) മൂന്നും സ്ഥാനം കരസ്ഥമാക്കി.

വ്യക്തിഗതവും സംഘടിതവുമായ മത്സരങ്ങളുടെ പോയന്റുകൾ മത്സരത്തിൽ പങ്കെടുത്തവർക്കും ഗ്രൂപ്പിനും ഇരുവർക്കും ലഭിക്കുന്നു. അവസാനം പോയന്റിന്റെ അടിസ്ഥാനത്തിൽ മികച്ച ഗ്രൂപ്പിനും മികച്ച വിദ്യാർഥിക്കും സമ്മാനം നല്കുന്നു.

(അബ്ദുൽ ബാരി ഖുറയ്ശി, പ്രതിനിധി അൽഫള്ൽ ഇന്റർനാഷണൽ, സിയാലിയോൺ)

## അല്ലാഹുവിന്റെ കലാം

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

ത്വാലിബെ ദുആ
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## കലാമുൽ ഇമാം:–

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.'**
**(കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

# വിശുദ്ധഖുർആൻ

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

### (വാഗ്ദത്ത മഹ്ദീ മസീഹ്)

*(റിവ്യു ഓഫ് റിലീജ്യൺസ് എന്ന ഇംഗ്ലീഷ് മാസികയുടെ 2019 ആഗസ്റ്റു ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ വിവർത്തനം. വിവർത്തകൻ: കെ.വി. ഹസ്സൻകോയ കോഴിക്കോട്)*

**വാഗ്ദത്ത മസീഹും**
**വിശുദ്ധ ഖുർആനിന്റെ ജ്ഞാനവും:**

മസീഹ് ധാരാളം ധനം വിതരണം ചെയ്യുമെന്നും ജനങ്ങൾക്ക് അതിന്റെ ആധിക്യമുണ്ടാകുമെന്നും നബി(സ)പ്രവചിച്ചിരുന്നു. ഈ പ്രവചനത്തിന്റെ അർഥം മസീഹ് ഭൗതികധനം ശേഖരിച്ചു വിതരണം ചെയ്യുമെന്നല്ല. ഭൗതിക ധനത്തെ കുറിച്ച് പറയപ്പെട്ടിട്ടുള്ളത് ഇങ്ങനെയാണ്:

*'നിങ്ങളുടെ സമ്പത്തും സന്താനങ്ങളും നിങ്ങൾക്കൊരു പരീക്ഷണമാണ്.' (64:16)*

ജനങ്ങൾക്കിടയിൽ ധനം വിതരണം ചെയ്തുകൊണ്ട് അദ്ദേഹം ഉദ്ദേശ്യപൂർവ്വം ജനങ്ങളെ പരീക്ഷണത്തിലാക്കും. ആദ്യ മസീഹിനും ഭൗതികസമ്പത്തിനോട് ആകർഷണമുണ്ടായിരുന്നില്ല. ഒരു വിശ്വാസിയുടെ സ്വർണ്ണവും വെള്ളിയുമല്ലെന്നും സത്യതയുടേയും വിവേകത്തിന്റേയും രത്നങ്ങളാണെന്നും അദ്ദേഹം സുവിശേഷത്തിൽ പ്രവസ്താവിച്ചിരിക്കുന്നു. ഈ സ്വത്താണ് സർവ്വശക്തനായ ദൈവം പ്രവാചകന്മാർക്ക് നല്കുന്നത്, അതവർ വിതരണം ചെയ്യുന്നു. ഈ സ്വത്തിനെ സംബന്ധിച്ചാണ് വിശുദ്ധപ്രവാചകൻ(സ)പറഞ്ഞിട്ടുള്ളത്:

*"ഞാൻ വിതരണം ചെയ്യുന്നവനാണ്; അല്ലാഹു നൽകുന്നവനും."*

ഖുർആനികജ്ഞാനം നഷ്ടപ്പെടുകയും അജ്ഞത നടമാടുകയും ചെയ്യുമ്പോഴാണ് വാഗ്ദത്ത മസീഹ് വരികയെന്ന് ഹദീഥുകളിൽ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഹദീഥിൽ പരാമർശിക്കപ്പെട്ട കാലമതാണ്. "ഈമാൻ കാർത്തിക നക്ഷത്രത്തിലെത്തുമ്പോൾ പാർസിവംശജനായ ഒരാൾ അതിനെ താഴേക്കു കൊണ്ടുവരും."

ഒരു ദർശനത്തിൽ എനിക്ക് വ്യക്തമാക്കപ്പെട്ടിരിക്കുന്നത് ഹിജ്റ (തിരുനബി(സ) മക്കയിൽനിന്ന് മദീനയിലേക്ക് കുടിയേറിയ വർഷം)യുടെ ഉച്ചിയിലായിരിക്കുമെന്നാണ്. ആ വചനത്തിന്റെ അക്ഷരങ്ങളുടെ മൂല്യം കണക്കാക്കിയാൽ 1274 ആണ്.

*"അതിന്റെ എടുത്തുമാറ്റൽ നിർണ്ണയിക്കുന്നത് നാമാണ്."* (വിശുദ്ധഖുർആൻ 23:19)

ഇതു നല്ലപോലെ കണക്കിലെടുക്കുക. ധിറുതിയിൽ തള്ളിക്കളയരുത്. നിങ്ങളുടെ മനസ്സ് തുറക്കുവാൻ അല്ലാഹുവിനോടു പ്രാർഥിക്കുക. അവസാനകാലത്ത് ഖുർആൻ ഈ ലോകത്തുനിന്ന് എടുക്കപ്പെടുകയും അതിന്റെ ജ്ഞാനം നഷ്ടപ്പെടുകയും അജ്ഞത നടമാടുകയും വിശ്വാസത്തിന്റെ ഉത്സുകതയും മാധുര്യവും ഹൃദയങ്ങളിൽനിന്ന് അപ്രത്യക്ഷമാകുകയും ചെയ്യുന്ന പ്രവചനമാണ് ഹദീഥിലുള്ളതെന്ന് അല്പം ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതാണ്. അവയിൽപെട്ട ഹദീഥാണ് ഈമാൻ സുറയ്യാനക്ഷത്രത്തിലേക്ക് കരേറിപ്പോവുകയും ഭൂമിയിൽനിന്ന് അപ്രത്യക്ഷമാവുകയും പേർഷ്യക്കാരനായ ഒരാൾ അത് തിരിച്ചുകൊണ്ടുവരുകയും ചെയ്യുമെന്നുള്ളത്. അജ്ഞതയും വിശ്വാസരാഹിത്യവും തെറ്റും-അതിനെ 'പുക'യായിട്ടാണ് മറ്റു ഹദീഥുകളിൽ വിവരിച്ചിട്ടുള്ളത്- വിപുലമായി വ്യാപിക്കുമെന്നും ആകാശത്തേക്ക് ഉയർന്നുപോയതുപോലെ, സർവ്വശക്തനായ അല്ലാഹുവിലേക്ക് ഉയർന്നുപോയപോലെ വിശുദ്ധഖുർആൻ ഉപേക്ഷിക്കപ്പെടുമെന്നും ആ സമയത്ത് പേർഷ്യൻ വംശജനായ ഒരാൾ അത് ഭൂമിയിലേക്ക് തിരിച്ചുകൊണ്ടുവരുമെന്നും ഈ ഹദീഥ് വളരെ വ്യക്തമാക്കുന്നു. തീർച്ചയാക്കിക്കൊള്ളുക ഇബ്നുമർയമാണ് അതുമായി ഇറങ്ങുന്നത്. (ഇസാലയെ ഔഹാം, റൂഹാനി ഖസാഇൻ, വാള്യം 3, പേജ് 452–453)

**ഈ കാലഘട്ടത്തിൽ**
**വിശുദ്ധഖുർആന്റെ സത്യതകൾ:**

ഞാൻ യുവാവായിരുന്നു. ഇപ്പോൾ വയസ്സായിരിക്കുന്നു. ഞാൻ സ്വയംതന്നെ ഭൗതികകാര്യങ്ങളുമായി ഒരിക്കലും ബന്ധപ്പെട്ടിരുന്നില്ലെന്നതിന് ജനങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ സാധിക്കും. വിശ്വാസകാര്യങ്ങളിൽ എനിക്ക് എപ്പോഴും താല്പര്യമായിരുന്നുവെന്നും അവർക്കറിയാം. ഖുർആൻ എന്നത് അങ്ങേയറ്റത്തെ പരിശുദ്ധിയും ആത്മീയമായ ജ്ഞാനങ്ങൾ നിറഞ്ഞതുമാണെന്ന് ഞാൻ കണ്ടെത്തി. അത് ഒരു മനുഷ്യനേയും ദൈവമാക്കുന്നില്ല. അവന്റെ സൃഷ്ടികളിൽനിന്ന് ആത്മാക്കളേയും ശരീരങ്ങളേയും ഒഴിവാക്കിക്കൊണ്ട് ദൈവത്തെ പുച്ഛിക്കുന്നുമില്ല. ഏതൊരു കാര്യത്തിനാണോ മതം ആശ്ലേഷിക്കുന്നത് ആ അനുഗ്രഹം അവസാനം വിശുദ്ധഖുർആൻ മനുഷ്യന്റെ ഹൃദയത്തിൽ കൊണ്ടുവരികയും ആ ദൈവികഗേഹത്തിന്റെ അവകാശിയാക്കുകയും ചെയ്യുന്നു. ഒരു വെളിച്ചം കണ്ടിട്ടുള്ള നാം എന്തിനാണ് അന്ധകാരത്തിലേക്ക് മടങ്ങുന്നത്. കണ്ണുകൾ ഉണ്ടായിരിക്കെ എന്തിനാണ് അന്ധരാകുന്നത്?' (സനാതന ധർമം, റൂഹാനീഖസാഇൻ, വാള്യം 19, പേജ്474)

വിശുദ്ധഖുർആൻ വിശ്വാസം പരിപൂർണമാക്കിയിട്ടുണ്ടെന്നുള്ള കാര്യം സുസ്ഥാപിതമാണ്. അത് സ്വയം ഉറപ്പിച്ചുപറയുന്നു: "ഇന്നേ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു (5:4)

അതുകൊണ്ട് വിശുദ്ധഖുർആനിനുശേഷം മറ്റൊരു ഗ്രന്ഥത്തിന്റെ ആവശ്യമില്ല. എന്തെന്നാൽ, മനുഷ്യന് ആവശ്യമുള്ളതെല്ലാം അതിലടങ്ങിയിരിക്കുന്നു. ദൈവവുമായുള്ള സംഭാഷണത്തിന്റെ വാതിൽ മാത്രം ഇപ്പോൾ തുറന്നിരിക്കുകയാണ്. പക്ഷേ, തന്നെത്താൻ അല്ല. സത്യവും പരിശുദ്ധവുമായ വാക്കുകൾ ദൈവികസഹായത്താൽ നിറച്ചിരിക്കുന്നു. ഗുപ്തമായ പല കാര്യങ്ങളും അടങ്ങിയിരിക്കുന്നു. അത് വിശുദ്ധഖുർആനിനെ പിന്തുടർന്നതുകൊണ്ടും നബി(സ)തിരുമേനിയെ അനുസരിച്ചതുകൊണ്ടും ആത്മാവിനെ പരിശുദ്ധമാക്കിയതിനുശേഷവുമാണ്. (ചശ്മയെ മഅ്രിഫ, റൂഹാനീഖസാഇൻ, വാള്യം 23, പേജ് 80)

ഓരോ വെളിപാടിനും അല്ലാഹുവിന്റെ വഴി, വിശുദ്ധഖുർആനിൽ പ്രസ്താവിച്ച പ്രകാരം മാർഗ്ഗദർശിയും, രക്ഷിതാവും, നേതാവുമാണ്. ഈ മാർഗ്ഗത്തിനെതിരായ ഒരു വെളിപാടും ഉണ്ടാവാൻ സാധ്യമല്ല. എന്തെന്നാൽ, അത് വിശുദ്ധപ്രമാണ ഗ്രന്ഥങ്ങളെ വ്യാജപ്പെടുത്തുന്നതായിരിക്കും. (മജ്മൂഅ ഇശ്തിഹാറാത്ത്, വാള്യം 2, പേജ് 84)

ഓരോ ജനതക്കും വിശുദ്ധഖുർആൻ അതിന്റെ വ്യക്തമായ അത്ഭുതം സ്വയംതന്നെ വെളിപ്പെടുത്തുന്നു. അത് അവതരിപ്പിച്ചുകൊണ്ട് നമുക്ക് ഓരോരുത്തരേയും ഇന്ത്യക്കാരനേയും പേർഷ്യക്കാരനേയും യൂറോപ്യനേയും അമേരിക്കക്കാരനേയും നിശ്ശബ്ദനാക്കാൻ കഴിയും. അതു ഉൾക്കാഴ്ചയുടേയും, സത്യതകളുടേയും ജ്ഞാനത്തിന്റേയും ഖജനാവാണ്. അവ ഓരോ കാലഘട്ടത്തിന്റേയും ആവശ്യമനുസരിച്ച് വിശദീകരിക്കപ്പെടുന്നു. ഓരോ യുഗത്തിലേയും ചിന്താഗതികളെ സായുധരായ പട്ടാളക്കാരെപ്പോലെ അത് ഖണ്ഡിക്കുന്നു. വിശുദ്ധഖുർആൻ അതിന്റെ സത്യതയിലും ഉൾക്കാഴ്ചയിലും പരിമിതമായിരുന്നെങ്കിൽ അത് പരിപൂർണമായ അത്ഭുതമാകുമായിരുന്നില്ല. അതിന്റെ ഘടനയുടെ മനോഹാരിത കണക്കിലെടുക്കാതെതന്നെ അതിന്റെ അത്ഭുതകരമായ പ്രകൃതി അക്ഷരജ്ഞാനമുള്ളവനും ഇല്ലാത്തവനും ആസ്വദിക്കാൻ സാധിക്കും. വിശുദ്ധഖുർആന്റെ വ്യക്തമായ അത്ഭുതം അതിന്റെ അപരിമിതമായ ഉൾക്കാഴ്ചയും അതിലടങ്ങിയിട്ടുള്ള നല്ല പോയിന്റുകളുമാണ്. വിശുദ്ധഖുർആന്റെ ഈ അത്ഭുതം അംഗീകരിക്കാത്ത വൻ വിശുദ്ധഖുർആന്റെ ജ്ഞാനത്തിൽനിന്ന് ആകെക്കൂടെ അകറ്റപ്പെട്ടവനാണ്. ഈ അത്ഭുതത്തിൽ വിശ്വസിക്കാത്ത ആൾ വിശുദ്ധഖുർആനെ വേണ്ടവിധം ബഹുമാനിക്കുന്നില്ല. ദൈവത്തെ വേണ്ടവിധം തിരിച്ചറിയുന്നുമില്ല. അയാൾ നബിതിരുമേനിയെ അർഹിക്കുന്നവിധം ആദരിക്കുന്നുമില്ല.

വിശുദ്ധഖുർആന്റെ അപരിമിതമായ ഉൾക്കാഴ്ചയും സത്യതയും ഒരു വാളിനേക്കാൾ ഉപരി ഓരോ കാലഘട്ടത്തിലും കൂടുതലായി ഉണ്ടായിട്ടുണ്ടെന്നുള്ള സംഗതി ഓർത്തുകൊള്ളുവിൻ. സാഹചര്യത്തിനനുസരിച്ച് ഓരോ കാലഘട്ടവും ഉയർത്തിയിട്ടുള്ള സംശയങ്ങളും എല്ലാ മേന്മയുള്ള ഉൾക്കാഴ്ചകളുടെ അവകാശവാദങ്ങളും വിശുദ്ധഖുർആൻ പൂർണ്ണമായും ഖണ്ഡിച്ചിരിക്കുന്നു. വിശുദ്ധഖുർആനിൽ ആദ്യമേ അടങ്ങിയിട്ടില്ലാത്ത ഒരു ദൈവികസത്യതയും ഒരു ബ്രഹ്മസമാജക്കാരനോ ബുദ്ധമതവിശ്വാസിക്കോ ആര്യസമാജക്കാരനോ മറ്റേതെങ്കിലും തത്ത്വജ്ഞാനിക്കോ മുന്നോട്ടുവയ്ക്കാൻ സാധിക്കുകയില്ല. വിശുദ്ധഖുർആന്റെ ഈ അത്ഭുതങ്ങൾ ഒരിക്കലും നിന്നുപോയില്ല. പ്രകൃതി ഗ്രന്ഥത്തിന്റെ അത്ഭുതകരമായ ഗുണങ്ങൾ ഇതിനു മുമ്പേ ഒരു കാലഘട്ടത്തിലും അവസാനിക്കാതെ പുതുമയായി നില്ക്കുന്നതുപോലെത്തന്നെയാണ് വിശുദ്ധഗ്രന്ഥത്തിന്റെ കാര്യവും. അതിനാൽ ദൈവവചനവും ദൈവത്തിന്റെ പ്രവൃത്തിയും എപ്പോഴും പൊരുത്തപ്പെട്ടുപോകും.

ഞാൻ മുമ്പേ എഴുതിയതുപോലെ പലപ്പോഴും വിശുദ്ധഖുർആന്റെ അത്ഭുതങ്ങൾ എനിക്ക് വെളിപ്പെടുത്തപ്പെടുന്നു. അവ വ്യാഖ്യാനങ്ങളിൽ കണ്ടെത്തുകയില്ല. ഉദാഹരണമായി ആദം സൃഷ്ടിക്കപ്പെട്ടതു മുതൽ നബി(സ) തിരുമേനിയുടെ കാലം വരെയുള്ള കാലം സൂറഃ അൽഅസ്ർ (വിശുദ്ധഖുർആനിലെ 103–ാം

അധ്യായം) അക്ഷരങ്ങളുടെ മൂല്യമനുസരിച്ച് 4,740 ചന്ദ്രവർഷമാണെന്ന് എനിക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ഈയൊരു നല്ല പോയിന്റ് വിശുദ്ധഖുർആന്റെ അത്ഭുതമാണ്. അത് ഒരു വ്യാഖ്യാനത്തിലും പ്രസ്താവിക്കപ്പെട്ടിട്ടില്ല. അതേപ്രകാരം സർവ്വശക്തനായ അല്ലാഹു എനിക്ക് താഴെ വചനത്തിന്റെ അർഥം വെളിപ്പെടുത്തിത്തന്നിരിക്കുന്നു.

*'നിർണയരാത്രിയിൽ നാം അത് ഇറക്കിയിരിക്കുന്നു'* (97:2)

വിശുദ്ധഖുർആൻ അനുഗൃഹീതരാത്രിയിൽ വെളിപ്പെടുത്തിയിരിക്കുന്നു എന്നു മാത്രമല്ല അതിന്റെ അർഥം. അതിനു വേറൊരു അർഥം കൂടിയുണ്ട്. അത് ഞാൻ ഫത്ഹെ ഇസ്‌ലാം എന്ന ലഘുകൃതിയിൽ പറഞ്ഞിരിക്കുന്നു. ഏതു വ്യാഖ്യാനത്തിലാണ് ഈ സത്യതകൾ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്? വിശുദ്ധഖുർആന്റെ അർഥങ്ങളുടെ വൈവിദ്ധ്യം ഒരുവിധത്തിലുള്ള വൈരുദ്ധ്യവും സൃഷ്ടിച്ചിട്ടില്ല. വിശുദ്ധഖുർആന്റെ മാർഗ്ഗദർശനത്തിൽ ഒരു ന്യൂനതയും വരുത്തിയിട്ടുമില്ല. യഥാർഥത്തിൽ വിശുദ്ധഖുർആന്റെ മഹത്ത്വത്തിന്റെ വെളിച്ചത്തിൽ ഒരു വെളിച്ചം കൂട്ടിച്ചേർത്തു വർധിപ്പിക്കുകയാണ്. കാലങ്ങളായി പരിധിയില്ലാത്ത മാറ്റങ്ങൾ കാരണമായി പരിമിതിയില്ലാത്ത ആശയങ്ങൾ ഉണ്ടാക്കുന്നു. കാലക്രമത്തിൽ വിശുദ്ധഖുർആൻ പുതിയ രൂപത്തിൽ പ്രകടമാകേണ്ടത് ആവശ്യമായിരിക്കുന്നു. പുതിയ അറിവുകളും ആവശ്യമായിരുന്നു. അതിന് നൂതനമായ പല സംഗതികളേയും ഖണ്ഡിക്കേണ്ടതുമുണ്ട്. ഈ സാഹചര്യങ്ങളിൽ ഖാത്തമുൽ കുതുബ് (അന്തിമ ഗ്രന്ഥം) പുതിയ അവസ്ഥകളെ നേരിടേണ്ടിയിരുന്നില്ലെങ്കിൽ അതിന്റെ അവകാശം സ്ഥാപിക്കുകയില്ല. ഈ ഗ്രന്ഥത്തിൽ ഓരോ കാലഘട്ടത്തിലും ആവശ്യമായതെല്ലാം ഉൾക്കൊണ്ടിരുന്നില്ലെങ്കിൽ അപരിമിതമായ ഉൾക്കാഴ്ചകൾ ഇതിലുണ്ടെന്നു നാം സമ്മതിക്കേണ്ടിവരും. അത് ഓരോ കാലത്തേയും ആവശ്യങ്ങളെക്കുറിച്ച് ശ്രദ്ധിക്കുന്നുണ്ടെന്നം നാം സമ്മതിക്കണം.

ഓരോ പരിപൂർണ്ണവെളിപാട് സ്വീകർത്താവി ന്റേയും കാര്യത്തിൽ അല്ലാഹുവിന്റെ രീതി വിശുദ്ധഖുർആന്റെ ഗുപ്തമായ അത്ഭുതങ്ങൾ അദ്ദേഹത്തിന് വെളിപ്പെടുത്തിക്കൊടുക്കുക എന്നതാണ് പലപ്പോഴും സംഭവിക്കുന്നത്. വിശുദ്ധഖുർആന്റെ ഒരു വചനം വെളിപാട് സ്വീകർത്താവിന്റെ മനസ്സിൽ ഇട്ടുകൊടുക്കുന്നു എന്നതാണ്. യാഥാർഥ്യത്തിൽനിന്നും ഭിന്നമായതായിരിക്കും അതിന്റെ ഉദ്ദേശ്യം. ഒരവസരത്തിൽ തനിക്ക് ഇങ്ങനെ ഇൽഹാമുണ്ടായതായി മൗലവി അബ്ദുല്ലാ ഗസ്നവി എനിക്ക് ഒരു കത്തിൽ എഴുതിയിരിക്കുന്നു.

"നാം പറഞ്ഞു. ഓ അഗ്നീ, നീ തണുപ്പുള്ളതും സമാധാനത്തിന്റേയും സുരക്ഷയുടേയും മാർഗ്ഗമാകുക."

പക്ഷേ, അദ്ദേഹത്തിന് അതിന്റെ അർഥം മനസ്സിലാക്കാനായില്ല. അപ്പോൾ അദ്ദേഹത്തിന് വെളിപാട് ലഭിച്ചു.

"നാം പറഞ്ഞു: ഓ സ്ഥിരചിത്തയെ! തണുപ്പുള്ളതും സമാധാനവും സുരക്ഷയുമാവുക."

അപ്പോൾ അദ്ദേഹം മനസ്സിലാക്കി, അദ്ദേഹത്തിന്റെ കാര്യത്തിൽ തീ എന്നതിന്റെ അർഥം സ്ഥിരചിത്തതയാണെന്ന്. (ഇസാലയെ ഔഹാം, റൂഹാനീഖസാഇൻ, വാല്യം 3, പേജ് 255-262)

ആയിരക്കണക്കായ ആക്ഷേപങ്ങളും സംശയങ്ങളും ഉന്നയിക്കപ്പെടുന്ന ഒരു കാലഘട്ടമാണിത്. നിരവധി ദിശകളിൽനിന്ന് ഇസ്‌ലാം ആക്രമിക്കപ്പെടുന്നു. സർവ്വശക്തനായ അല്ലാഹു പറഞ്ഞിരിക്കുന്നു. "ഒരു വസ്തുവിന്റെയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിൽ അല്ലാതെ നാം അത് ഇറക്കാറുമില്ല." (15:22)

അപ്രകാരം, ഇക്കാലഘട്ടം വിശുദ്ധഖുർആനിൽ ഗുപ്തമായ ആത്മീയവും ഭൗതികവുമായ സത്യതകൾ വെളിപ്പെടുത്തേണ്ട കാലഘട്ടമാണ്. എല്ലാവിധത്തിലുള്ള തത്ത്വജ്ഞാനപരവും അല്ലാത്തതുമായ വിശ്വാസങ്ങളെയും വിശുദ്ധഖുർആൻ ഖണ്ഡിക്കുന്നു. അതിന്റെ ആവശ്യം വരാതെ അത് വെളിപ്പെടുത്തപ്പെടേണ്ടതില്ല. ഇപ്പോൾ പുതിയ തത്ത്വജ്ഞാനങ്ങൾ ആക്രമണം നടത്തുന്നതിനാൽ ആ ഉൾക്കാഴ്ചകൾ പ്രകടിപ്പിക്കേണ്ട സമയം ആഗതമായിരിക്കുന്നു. ഈ ഉൾക്കാഴ്ചകൾ പ്രകടിപ്പിക്കാതെ എല്ലാ വ്യാജമതങ്ങളുടെമേൽ ഇസ്‌ലാമിന് വിജയിക്കാൻ സാധ്യമല്ല. വാളുകൊണ്ടുള്ള ഒരു വിജയം ഒന്നുമല്ല. താൽക്കാലികമായ അധികാരത്തിന്റെ പതനത്തോടെ അത് തുടച്ചുനീക്കപ്പെടുന്നു. ഉൾക്കാഴ്ചയുടേയും സത്യതയുടേയും പട്ടാളം കൈവരിക്കുന്ന വിജയമാണ് സത്യസന്ധവും യഥാർഥവുമായ വിജയം. ഇതാണ് ഇപ്പോൾ നേടിക്കൊണ്ടിരിക്കുന്ന വിജയം. ഈ പ്രവചനം ഈ കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. ഭൂതകാലത്ത് അങ്ങനെത്തന്നെയായിരുന്നു മനസ്സിലാക്കപ്പെട്ടത്. ഈ കാലഘട്ടം ആവശ്യപ്പെടുന്നത് വിശുദ്ധഖുർആൻ അതിൽ മറക്കപ്പെട്ട അർഥങ്ങൾ വെളിപ്പെടുത്തണമെന്നാണ്.

നല്ലതും അത്ഭുതകരവുമായ ഗുണങ്ങളോടുകൂടിയല്ലാതെ ദൈവത്തിന്റെ ഒരു സൃഷ്ടിപ്പും ഇല്ലെന്ന് ബുദ്ധിമാനായ ഒരു വ്യക്തിക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. ഒരു മനുഷ്യൻ വിധിന്യായ ദിവസംവരെ ഒരു ഈച്ചയുടെ അത്ഭുതങ്ങളേയും ഗുണങ്ങളേയും കുറിച്ച് ഗവേഷണം നടത്തിയാലും അതവസാനിക്കുകയില്ല. അപ്പോൾ വിശുദ്ധഖുർആന്റെ അത്ഭുതനേട്ടങ്ങളും ഗുണങ്ങളും ഒരു ഈച്ചയുടെ അത്ര പോലുമില്ലേ? സംശയലേശമെന്യെ ആ അത്ഭുതങ്ങൾ ലോകത്തുള്ള ആകെ സൃഷ്ടികളുടെ എല്ലാ അത്ഭുതങ്ങളെക്കാൾ കൂടുതലാണ്. അതിനെ നിഷേധിക്കുകയെന്നാൽ ദൈവികമായ ഉത്ഭവത്തെ നിഷേധിക്കലാണ്. എന്തെന്നാൽ സർവ്വശക്തനായ ദൈവത്തിൽനിന്ന് പുറപ്പെടുന്ന അപരിമിതമായ ഗുണങ്ങളില്ലാത്ത ഒന്നും ലോകത്തില്ലതന്നെ.

സത്യതയും നല്ല പോയിന്റുകളും അതാണ് വിവേകത്തെ വളർത്തുന്നത്, അവ എപ്പോഴും ആവശ്യത്തിനനുസരിച്ച് മാത്രമേ വെളിപ്പെടുകയുള്ളൂ. ഒരു അത്ഭുതത്തിന്റെ മഹത്ത്വമെന്തെന്നാൽ അതിൽ അപരിമിതമായ സത്യതകൾ അടങ്ങിയിരിക്കുന്നു. പക്ഷേ, അവ പ്രകടമാക്കപ്പെടുന്നത് യഥാസമയത്താണ്. സമയത്തിന്റെ വിഷമതകൾ ആവശ്യപ്പെടുമ്പോൾ അത് വെളിവാക്കപ്പെടുന്നു. നോക്കുക, ഭൗതികജ്ഞാനം അവയിൽ മിക്കതും വിശുദ്ധഖുർആന് എതിരാണ്. അത് നമ്മെ വഴിതെറ്റിക്കുന്നു. ധ്രുതഗതിയിൽ പരക്കുകയും ചെയ്യുന്നു. ഇപ്പോൾ അത്ഭുതകരങ്ങളാണ് ഗണിതാസ്ത്രത്തിലും ഫിസിക്സിലും തത്ത്വജ്ഞാനത്തിലും വന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള സമയത്ത് വിശ്വാസത്തിലുള്ള പുരോഗതിയുടെ വാതിലുകളും തുറക്കപ്പെടണമെന്നതിന്റെ ആവശ്യമില്ലേ, ഓരോ കുഴപ്പത്തേയും അകറ്റാനുള്ള സംവിധാനങ്ങളും ഉണ്ടാവണമെന്ന്. അതിനാൽ തീർച്ചയായും അറിയുക, ആ വാതിൽ തുറക്കപ്പെട്ടിരിക്കുന്നു. അഹങ്കാരികളായ തത്ത്വജ്ഞാനികൾക്ക് സർവ്വശക്തനായ അല്ലാഹു വിശുദ്ധഖുർആന്റെ ഗുപ്തമായ അത്ഭുതങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. അര മുല്ലമാർ, മതപണ്ഡിതന്മാർ, ഇസ്‌ലാമിന്റെ ശത്രുക്കളാണ്. ഈ പദ്ധതി തകർക്കാൻ സാധ്യമല്ല. അവർ ഈ കുഴപ്പത്തിൽനിന്ന് പിൻമാറുന്നില്ലെങ്കിൽ അവർ നശിപ്പിക്കപ്പെടും. ദൈവകോപം അവരെ തവിടുപൊടിയാക്കും. ഈ വിഡ്ഢികൾ നിലവിലുള്ള സാഹചര്യം മനസ്സിലാക്കുന്നില്ല. വിശുദ്ധഖുർആൻ പരാജയപ്പെടാനും, ദുർബ്ബലമാവാനും ചെറുതും അപ്രധാനവുമായിത്തീരണമെന്നുമാണവർ ആഗ്രഹിക്കുന്നത്. എന്നാൽ, ഒരു ചാമ്പ്യനെപ്പോലെ അത് മുന്നോട്ടു ഗമിക്കും. അത് സിംഹത്തെപ്പോലെ ഗർജിക്കും. മുഴുവൻ ഭൗതിക തത്ത്വജ്ഞാനത്തേയും അത് തിന്നുകളയും. അതിന്റെ മേൽക്കോയ്മ പ്രകടമാക്കുകയും പ്രവചനം പൂർത്തിയാക്കുകയും ചെയ്യും. അതിനെ എല്ലാ മതങ്ങളുടെയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി.' (61:10)

അത് താഴെ പറയുന്ന പ്രവചനം ആത്മീയമായി നിറവേറ്റും.

"അവൻ തീർച്ചയായും അവർക്കുവേണ്ടി അവരുടെ മതം സ്ഥാപിക്കും" (24:56) വിശ്വാസത്തെ അതിന്റെ പരിപൂർണതയിൽ ലോകത്ത് സ്ഥാപിക്കാൻ നിർബന്ധത്തിന് സാധ്യമല്ല. മതം ഭൂമിയിൽ സ്ഥാപിക്കപ്പെടുന്നത് മറ്റൊരു മതത്തിനും അതിനെതിരിൽ നില്ക്കാൻ സാധിക്കാതെ വരുമ്പോഴാണ്. എല്ലാ എതിരാളികളും അവരുടെ ആയുധങ്ങൾ താഴെ വെക്കുമ്പോഴാണ്. ആ സമയം ഇപ്പോൾ സമാഗതമായിരിക്കുന്നു. അജ്ഞരായ മുല്ലമാർക്കും അതിനെ തടുക്കാൻ സാധ്യമല്ല. ഇബ്നുമർയം, അദ്ദേഹത്തിന്റെ ആത്മീയ പിതാവ് യഥാർഥ അധ്യാപകനല്ലാതെ മറ്റാരുമല്ല. അദ്ദേഹത്തിന് ഇക്കാര്യത്തിൽ ആദമിനോട് സാമ്യതയുണ്ട്. അദ്ദേഹം ഖുർആനിക നിധികൾ ജനങ്ങൾക്കിടയിൽ വിതരണം ചെയ്യും. എത്രത്തോളമെന്നാൽ ജനങ്ങൾ വയറുനിറഞ്ഞവരായിത്തീരും. കൂടുതൽ സ്വീകരിക്കാൻ അശക്തരാകും. ഓരോരുത്തരും അവനവന്റെ കഴിവനുസരിച്ച് നിറച്ചിട്ടുണ്ടാകും. (ഇസാലയെ ഔഹാം, റൂഹാനീ ഖസായിൻ, വാല്യം 3, പേജ് 464-467)

**വിശുദ്ധഖുർആന്റെ**
**വൈവിധ്യമാർന്ന ധാരണാശക്തി**

വിശുദ്ധവും സമഗ്രവുമായ വിശുദ്ധഖുർആ

**ഹദീഥുന്നബ്‌വി (സ):**

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.***
***(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**കലാമുൽ ഇമാം:-**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

ന്റെ അധ്യാപനം മനുഷ്യവൃക്ഷത്തിന്റെ എല്ലാ ശാഖകളേയും പരിപോഷിപ്പിക്കുന്നു. ഖുർആൻ ഒരു വശത്തിൽ മാത്രം ഊന്നൽ കൊടുക്കുന്നില്ല. ചില സമയത്ത് ക്ഷമിക്കുകയും ചെയ്യുന്നു. ചില പ്പോൾ ശരിയായ അവസരങ്ങളിൽ കുറ്റവാളിയെ ശിക്ഷിക്കാൻ നിർദേശിക്കുന്നു. സത്യത്തിൽ വിശുദ്ധഖുർആൻ പ്രകൃതിയുടെ ദൈവികനിയ മത്തിന്റെ ചിത്രമാണ്. അതെല്ലായിടത്തും ലഭ്യ മാണ്. ദൈവവചനവും ദൈവത്തിന്റെ പ്രവൃ ത്തിയും പരസ്പരം പൊരുത്തപ്പെടണമെന്നു ള്ളത് സമഗ്രമായും ബുദ്ധിപരമാണ്. അതാ യത് സർവ്വശക്തനായ ദൈവത്തിന്റെ പ്രവൃത്തി ലോകത്ത് നാം കാണുന്നു. ദൈവത്തിന്റെ സ ത്യമായ ഗ്രന്ഥം ആ പ്രവൃത്തിക്കനുസരിച്ച് ന മ്മെ പഠിപ്പിക്കുന്നു. അവന്റെ പ്രവൃത്തി നമുക്ക് ഒരു കാര്യം പ്രകടമാക്കുകയും അവന്റെ വാക്ക് വേറൊരു കാര്യം പ്രകടമാക്കുകയും ചെയ്യുന്നു എന്നല്ല. നാം ദൈവത്തിന്റെ പ്രവൃത്തിയിൽ നിരീക്ഷിക്കുന്നത് സദാസമയവും പൊറുത്തു കൊടുക്കുന്നില്ല എന്നും കുറ്റവാളികളെ വിവിധ രീതിയിൽ ശിക്ഷിക്കുന്നുവെന്നുമാണ്. നമ്മുടെ ദൈവം സഹതാപമുള്ളവൻ മാത്രമല്ല അവൻ ബുദ്ധിമാനും അവന്റെ ശിക്ഷ വലുതുമാണ്. സത്യമായ ഗ്രന്ഥം പ്രകൃതിനിയമവുമായി യോ ജിച്ചുപോകുന്നതുമാണ്. ദൈവത്തിന്റെ സത്യ വചനം അവന്റെ പ്രവൃത്തിയുമായി ഒത്തുപോ കുന്നതുമാണ്. ദൈവം തന്റെ സൃഷ്ടികളോട് സഹതാപത്തോടുകൂടി പെരുമാറുന്നില്ല. ക്ഷമി ക്കുന്നുമില്ല. എപ്പോഴും ശിക്ഷിക്കാതിരിക്കുന്നു മില്ല. ഇപ്പോഴും ദുഷ്ടന്മാരെ ശിക്ഷിക്കാൻ ഞാൻ മുഖേന പ്രവചിച്ചിരിക്കുന്നു; ഭയങ്കരമായ ഭൂമി കുലുക്കവും സംഭവിക്കുമെന്നും അവരെ നശി പ്പിക്കുമെന്നും.' (ചശ്മയെ മസീഹി-റൂഹാനീ ഖസാഇൻ, വാല്യം 20, പേജ് 346-347)

ഇപ്പോൾ നിലവിലുള്ള സുവിശേഷങ്ങളെ ക്കുറിച്ച് നാം ആക്ഷേപമുന്നയിക്കുകയാണ്; സുവിശേഷങ്ങൾ മനുഷ്യരുടെ കഴിവുകളുടെ വികസനത്തിനുവേണ്ടി ഒന്നും ചെയ്യുന്നില്ലെന്ന്. ധാർമികഗുണങ്ങളെ സംബന്ധിച്ച ഒരുഭാഗംപോ ലും തൗറാത്തിൽനിന്ന് എടുക്കപ്പെടുന്നില്ലെന്ന്. ഇത് ക്രിസ്തീയ പാതിരിമാർക്ക് വലിയ അപമാനത്തിന് കാരണമായി. അതിന് ചില ക്രിസ്ത്യാനികൾ മറുപടി പറഞ്ഞു.

ദൈവികഗ്രന്ഥങ്ങൾ ധാർമികതയുമായി ബ ന്ധപ്പെട്ടതാണ്. കുറ്റവാളികളെ ശിക്ഷിക്കുന്നത് ദൈവികഗ്രന്ഥത്തിന് അനുയോജ്യമായതല്ല. കുറ്റങ്ങൾക്കുള്ള ശിക്ഷ മാറുന്ന സാഹചര്യങ്ങ ൾക്കനുസൃതമായിരിക്കണം. അത് അപരിമിത മാണ്. പിഴയിടുന്നതിന് ഒരു നിശ്ചിതനിയമം വെ ക്കുന്നത് ശരിയല്ല. ഓരോ പിഴയും സമയമനു സരിച്ചായിരിക്കണം. കുറ്റവാളികളെ നിയന്ത്രി ക്കാനും താക്കീത് നൽകാനും അത് സഹായ കമായിരിക്കണം. നിശ്ചിത പിഴ ജനങ്ങളെ നന്നാ ക്കിത്തീർക്കാൻ ഗുണകരമല്ല. അതുപോലെ സിവിൽ, ക്രിമിനൽ, റവന്യൂ നിയമങ്ങൾ അവയും നിശ്ചിതവും ഉറച്ചതുമാവരുത്. അത് മാറുന്ന പ രിതഃസ്ഥിതിയിൽ വിഷമങ്ങൾ സൃഷ്ടിക്കുന്നു.

(തുടരും)

**(പേജ് 2ൽനിന്ന്)**

നാകുമ്പോൾ പരസ്പരം പോരടിക്കേണ്ട കാര്യ മെന്ത്? ഇതിന്റെ അടിസ്ഥാനത്തിൽ സൈന്യ ത്തിൽ സേവനം ചെയ്യുന്നവർ മാത്രമല്ല മുസ്‌ലിം എന്ന നിലയിൽ എല്ലാവരും ശ്രമിക്കേണ്ടതാണ്.

ഒരു പത്ര പ്രവർത്തകൻ ചോദിച്ചു: മറ്റു മുസ്‌ലിമീങ്ങൾ നിങ്ങളെ അമുസ്‌ലിം എന്നു പറ യുമ്പോൾ നിങ്ങൾക്ക് വിഷമമുണ്ടാകാറുണ്ടോ?

ഹുദൂർ: ഇത് ഈമാനിന്റെ പ്രശ്നമാണ്. നബി(സ)തിരുമേനിയുടെ ഒരു പ്രവചനമുണ്ട്; അവസാന കാലത്ത് ഒരാൾ നിയമിതനാകുമെ ന്ന്. അദ്ദേഹം ഇസ്‌ലാമിനെ പുനരുജ്ജീവിപ്പി ക്കും. ആ അന്ധകാര കാല ഘട്ടത്തിൽ ഇസ്‌ലാ മിന്റേയും വിശുദ്ധ ഖുർആനിന്റേയും അധ്യാപ നങ്ങൾ എന്തായാലുമുണ്ടാകും. പക്ഷേ, മുസ് ലിമീങ്ങൾ യഥാർഥ അധ്യാപനങ്ങളിൽനിന്ന് ദൂരപ്പെട്ടുപോകും. ആ അധ്യാപനങ്ങളിൽനിന്ന് അവരവരുടേതായ ഉദ്ദേശ്യങ്ങളായിരിക്കും പു റത്തെടുക്കുക. അത്തരം കാലഘട്ടത്തിൽ ഒരു പരിഷ്കർത്താവ് വരും. അദ്ദേഹം മസീഹ് മൗ ഊദും മഹ്ദിയെ മഅ്ഹൂദുമായിരിക്കും. ഈ പ്രവചനം അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപക രായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദി യാനി(അ)യിൽ പൂർത്തിയായിരിക്കുന്നുവെന്ന് ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു. പക്ഷേ, മറ്റു മുസ്‌ലിമീങ്ങൾ അദ്ദേഹത്തെ നിഷേധി ക്കുന്നു. ഹദ്റത്ത് ഈസാ(അ) ആകാശത്തു നിന്നിറങ്ങുമ്പോൾ അതിനുശേഷമായിരിക്കും മഹ്ദി വരികയെന്നാണ് അവർ പറയുന്നത്. പി ന്നീട് ഇവർ ഇരുവരുംചേർന്ന് ഇസ്‌ലാമിന്റെ പു നരുജ്ജീവനത്തിനുവേണ്ടി പണിയെടുക്കുന്ന തായിരിക്കുമത്രെ! പിന്നീട് അവർ പറയുന്നത് നബി(സ)തിരുമേനിക്കുശേഷം ഒരു നബിയും വരികയില്ലെന്നാണ്. നബി(സ)തിരുമേനിയ്ക്ക് വിധേയനായി നബി വരാമെന്ന് ഞങ്ങൾ വി ശ്വസിക്കുന്നു. എന്നാൽ, പുതിയ ശരീഅത്തുള്ള പ്രവാചകൻ വരികയില്ല. വിശുദ്ധ ഖുർആൻ ശരീ അത്തിന്റെ അവസാന ഗ്രന്ഥമാണ്. നബി(സ) തിരുമേനിയെ പൂർണമായും പിൻപറ്റിക്കൊണ്ടു ള്ളതും അവിടത്തെ അധ്യാപനങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്നതുമായ പ്രവാചകൻ വരാവു ന്നതാണ്. പിന്നീട് ഭൂരിപക്ഷ മുസ്‌ലിമീങ്ങൾ വിശ്വസിക്കുന്നത് ഈസാ(അ) ഇറങ്ങുമ്പോൾ അദ്ദേഹം നബിയായിരിക്കുമെന്നാണ്. കാരണം നബിയുടെ ടൈറ്റിൽ ഈസായുടെ കൈയിൽ മുമ്പേതന്നെയുണ്ട്. അത് തട്ടിപ്പറിച്ചെടുക്കപ്പെടു കയില്ല. ഒരു ഭാഗത്ത് അവർ നബി വരില്ലെന്ന് പറയുന്നു. തങ്ങളുടെ വിശ്വാസത്തിന്റെ വെളി ച്ചത്തിൽ അവർ ഒരു നബിയെ തന്നെയാണ് കാത്തിരിക്കുന്നത്. പക്ഷേ, അഹ്മദിയ്യാ ജമാ അത്തിന്റെ സ്ഥാപകരെ നബിയായി വിശ്വസി ക്കാൻ അവർ തയ്യാറല്ലതാനും. ഇത് വിശ്വാസ ത്തിലുള്ള വ്യത്യാസമാണ്. അത് അവരുടെ വ്യാകുലതയ്ക്ക് നിമിത്തമാണ്. ഇപ്പോൾ ഇവർ മസീഹിന്റെ പുനരാഗമനത്തെ സംബന്ധിച്ചും മഹ്ദിയുടെ വരവിനെ കുറിച്ചും സംസാരിക്കുന്ന തിനു പകരം നബി(സ)തിരുമേനിയുടെ ഖത്ത മുന്നുബുവ്വത്ത് ഉദ്ധരിച്ച് ജനങ്ങളെ പ്രകോപി തരാക്കുന്നു. നബി(സ)തിരുമേനിക്കുശേഷം ഒരു നബിയും വരാവതല്ലെന്ന് അവർ പ്രചരിപ്പിക്കു ന്നു. അഹ്മദികളാണെങ്കിൽ തങ്ങളുടെ സ്ഥാപ കരെ നബി എന്നു പറയുന്നു, അതുകൊണ്ട് അവർ അമുസ്‌ലിമാണ്; കാഫിറാണ്, മുർത്ത ദ്ദാണ്! അഹ്മദികൾ മതപരിത്യാഗത്തിന്റെ ഇര കളാണ് അതുകൊണ്ട് അവർക്ക് വധശി ക്ഷ നല്കേണ്ടതാണ്. അവരെ ഉന്മൂലനം ചെയ്യേ ണ്ടതാണ്. അവരുടെ ദൃഷ്ടിയിൽ മതപരിത്യാ ഗിക്കുള്ള ശിക്ഷ അതാണ്.

ഞങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ എതിർപ്പുകൊണ്ട് ഒരു ബുദ്ധിമുട്ടുമില്ല. ഒരിക്ക ലുമില്ല. ഞങ്ങൾ നിത്യവും അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുന്നു. അവരുടെ സംഘത്തിൽനി ന്ന് പുറത്തുചാടി ആളുകൾ ജമാഅത്തിൽ പ്ര വേശിച്ചുകൊണ്ടിരിക്കുന്നു. ഓരോ വർഷവും ലക്ഷക്കണക്കിന് ആളുകളുടെ വർധനയുണ്ടാ കുന്നു. ഞങ്ങൾ ഒരു മതപരമായ ജമാഅത്താ ണ്. ഞങ്ങൾ ജനഹൃദയങ്ങളെ ഒരുനാൾ കീഴ ടക്കുമെന്ന് ദൃഢഗാഢമായി വിശ്വസിക്കുന്നു. ഇൻശാ അല്ലാഹ് ന്യൂനപക്ഷത്തിൽനിന്ന് ഭൂരിപ ക്ഷമാകും.

☆ജനങ്ങൾക്കിടയിൽ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷം സ്ഥാപിക്കു ന്നതിന് നിങ്ങളുടെ അഹ്മദിയ്യാ മുസ്‌ലിം ജമാ അത്തിന് എന്ത് പങ്കാണ് വഹിക്കാനുള്ളത്?

ഹുദൂർ: ഞങ്ങൾ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചുകൊ ണ്ടിരിക്കുകയാണ്. ഇസ്‌ലാമിന്റെ ഉദ്ദേശ്യംതന്നെ സമാധനവും സ്നേഹവും ഐക്യവുമാണ്. ഞങ്ങൾ എല്ലായിടത്തും സമാധാനം പ്രചരിപ്പി ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വിവിധ പരിപാ ടികൾ സംഘടിപ്പിക്കുന്നു. പത്രസമ്മേളനങ്ങ ൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ തുട ങ്ങിയവ സംഘടിപ്പിക്കുന്നു. മറ്റു മതവിശ്വാസി കളേയും ഞങ്ങളോടൊപ്പം കൂട്ടുന്നു. ഇതിന്റെ ഉദ്ദേശ്യം ഈ ലോകത്ത് സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷം സ്ഥാപിക്കുക എന്നതാണ്. ഈ ഉദ്ദേശ്യത്തോടുകൂടി ഞാനും വിവിധ രാജ്യങ്ങളിൽപോകുന്നു. ഞാൻ തന്നെ യും ലക്ചറുകൾ നടത്തുകയും പ്രസംഗിക്കു കയും ചെയ്യുന്നു. യഥാർഥ ഇസ്‌ലാമികാധ്യാപ നങ്ങൾ പറഞ്ഞുകൊടുക്കുന്നു. സമാധാനത്തി ന്റേയും ഐക്യത്തിന്റേയും സ്ഥാപനം സാധ്യ മാകുന്ന അധ്യാപനങ്ങൾ വിവരിക്കുന്നു. സത്യ വാനായ ഒരു മുസ്‌ലിമിൽ സഹനശക്തിയുടെ നിലവാരം നല്ലവണ്ണം ഉണ്ടാകണമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞങ്ങൾ ഈ ശൈലിയിലാ ണ് ഞങ്ങളുടെ പങ്കു വഹിച്ചുകൊണ്ടിരിക്കുന്ന ത്.(ഈ പത്രസമ്മേളനം 6.5വരെ തുടർന്നു)

(തുടരും)




**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 17 October 2019 Issue-42

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# സിയറ ലിയോണി(Sierra Leone)ൽ ലജ്നഇമാഇല്ലായുടെ തർബിയ്യത്ത് ക്ലാസ്

**ഖയ്റുക്കും മൻ തഅല്ലമൽ ഖുർആന വ അല്ലമഹൂ**

നിങ്ങളിൽ ഏറ്റവും ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്.(അൽഹദീഥ്)

ദൈവകൃപയാൽ അഹ്മദിയ്യ ജമാഅത്ത് സിയറ ലിയോണും സിയറ ലിയോൺ ജമാഅത്തിലെ എല്ലാ ഉപസംഘടനകളും ഹദ്റത്ത് ഖലീഫത്തുൽ അൽഖാമിസ് അയ്യദഹുല്ലായുടെ തണലിൽ തഅ്ലിം തർബിയ്യത്തിന്റെ കാര്യത്തിൽ രാപകൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം സിയറ ലിയോൺ ലജ്ന ഇമാഇല്ലായ്ക്ക് 2019 സെപ്റ്റംബർ ഒന്നുമുതൽ മൂന്നുവരെ ഫ്രീ ടൗണിലെ മസ്ജിദ് ബയ്ത്തുസ്സുബൂഹിൽ ഒരു തർബിയ്യത്ത് ക്ലാസ് സംഘടിപ്പിക്കുന്നതിന് തൗഫീഖ് ലഭിച്ചു. ഈ ക്ലാസിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം വിശുദ്ധ ഖുർആനും അതിന്റെ തർജമയും നമസ്കാരവും അതിന്റെ തർജമയും പഠിപ്പിക്കുന്നതിനുള്ള ലക്ച്ചർമാരെ തയ്യാറാക്കുക എന്നതായിരുന്നു. ഇതിനുപുറമെ തഅ്ലീം തർബിയ്യത്തിന് ചില വിഷയങ്ങളിൽ പ്രസംഗകരേയും ഏർപാടു ചെയ്തിരുന്നു. നമ്മുടെ സ്ത്രീകൾ തർബിയ്യത്തിനോടൊപ്പം തങ്ങളുടെ കർമപരമായ മാതൃകകൾകൊണ്ട് ഇസ്‌ലാം അഹ്മദിയ്യത്തിന്റെ യഥാർഥ അധ്യാപനം ലോകർക്ക് എത്തിച്ചുകൊടുക്കുന്നവരുമാകണം.

സിയറ ലിയോണിലെ 12 റീജ്യണിൽനിന്നുള്ള 207 ലജ്ന ഈ ക്ലാസിൽ പങ്കെടുത്തിരുന്നു. ഈ ത്രിദിന ക്ലാസ്സിൽ ഖുർആനിക അധ്യാപനങ്ങളെ സംബന്ധിച്ച് വിവിധ വിഷയങ്ങൾ തലഫ്ഫുള്, തജ്‌വീദ്, ഗ്രാമറിന്റെ ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. ഇതിനുപുറമെ നമസ്കാരത്തിന്റെ അർഥം പഠിപ്പിക്കാനുള്ള സൗകര്യവും ഒരുക്കിയിരുന്നു. മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾക്കുശേഷം ഈ വിഷയങ്ങൾ വീണ്ടും ചർച്ചചെയ്തുകൊണ്ടിരുന്നു.

തർബിയ്യത്ത് ക്ലാസിൽ തർബിയ്യത്തും തബ്ലീഗും പരിഗണിച്ച് താഴെ പറയുന്ന വിഷയങ്ങളിൽ പ്രസംഗങ്ങൾ നടന്നു.

തഅ്ലീമുൽ ഖുർആനിന്റെ പ്രാധാന്യം, ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യം, ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കൽ, ഉലുൽ അംറിനെ അനുസരിക്കൽ, പർദയുടെ പ്രാധാന്യം, ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ, അനാചാരങ്ങളിൽനിന്ന് രക്ഷപ്പെടൽ, ഈ സാമസീഹിന്റെ മരണം, സോഷ്യൽ മീഡിയായുടെ ദോഷങ്ങൾ, ഉചിതമായ പ്രായത്തിൽ വേഗം വിവാഹം കഴിക്കുക.

മൗലാനാ സഈദുർറഹ്മാൻ സാഹിബ്, അമീർ മിഷണറി ഇൻചാർജ് സാഹിബ് എന്നിവർ അനാചാരങ്ങളിൽനിന്ന് രക്ഷപ്പെടേണ്ടതിനെ സംബന്ധിച്ച് ലജ്നയെ സംബോധന ചെയ്തു. അതുകൊണ്ടുണ്ടാകുന്ന നഷ്ടം വിവരിച്ചുകൊണ്ട് പറഞ്ഞു:നിങ്ങളേയും നിങ്ങളുടെ മക്കളേയും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കാലത്തിന്റെ ഖലീഫയുടേയും നിർദേശങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് എങ്ങനെ അവരെ രക്ഷിക്കണമെന്ന് വിവരിച്ചു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ ലജ്നയും ഈ ക്ലാസിൽ നിറഞ്ഞ ഉത്സാഹത്തോടെ പങ്കെടുത്തു. ഒരുപാട് പഠിക്കുകയും ചെയ്തു. അല്ലാഹു നമ്മുടെ നിർബന്ധ കടമകൾ ഭംഗിയായി നിറവേറ്റാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമുക്കും നമ്മുടെ മക്കൾക്കും മക്കളുടെ മക്കൾക്കും വിശുദ്ധ ഖുർആൻ പഠിക്കാനും അതനുസരിച്ച് കർമങ്ങൾ ചെയ്യാനും നമ്മുടെ മാതൃകകൾകൊണ്ട് ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ അധ്യാപനം ലോകം മുഴുവൻ എത്തിക്കാനും തൗഫീഖ് നല്കുമാറാകട്ടെ.(റിപ്പോർട്ട്: അബ്ദുൽ ഹാദീ ഖുറയ്ശി ഇന്റർ നാഷണൽ അൽഫള്ൽ പ്രതിനിധി സിയറ ലിയോൺ)

# നാഇബ് നാളിർ ഉമൂറെ ആമ മൗലാനാ റഫീഖ് അഹ്മദ് സാഹിബ് ബേഗിന്റെ സന്ദർശനം

**കാവശ്ശേരി** : 28.9.19ന് അസ്വ്ർ നമസ്കാരശേഷം കാവശ്ശേരി അഹ്മദിയ്യാ മസ്ജിദിൽ പാലക്കാട് ജില്ലാ അമീർ എച്ച് സുലൈമാൻ സാഹിബിന്റെ അധ്യക്ഷതയിൽ പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ഹ്യൂമാനിറ്റി ഫസ്റ്റ് മെമ്പർമാരുടെ റഫ്രെഷർ കോഴ്സ് ജനാബ് റാശിക്ക് അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. അതിനുശേഷം മൗലാനാ റഫീഖ് അഹ്മദ് ബേഗ് സഹിബ് ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ രൂപരേഖയെക്കുറിച്ചും റഫ്രെഷർ കോഴ്സ് നടത്തി. സദസ്യരുടെ ചോദ്യങ്ങൾക്കുള്ള സംശയനിവാരണവും വരുത്തി. അധ്യക്ഷഭാഷണത്തിനുശേഷം ദുആയോടെ യോഗം അവസാനിച്ചു.

പാലക്കാട്:- 29.9.19ന് രാവിലെ പത്ത് മണിക്ക് പാലക്കാട് മിഷൻ ഹൗസിൽ പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ഉമൂറെ ആമ സിക്രട്ടറിമാരുടെ റഫ്രെഷർ കോഴ്സ് ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബിന്റെ അധ്യക്ഷതയിൽ ജനാബ് മൗലവി ഹംസ റിശാൽ സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. മൗലാനാ റഫീക്ക് ബേഗ് സാഹിബ് ഉമൂറെ ആമ സിക്രട്ടറിമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വങ്ങളെക്കുറിച്ച് സംസാരിച്ചു. തുടർന്ന് ജില്ലാ ഇൻ ചാർജ് മൗലവി കെ. അബ്ദുസ്സലാമും, ജില്ലാ അമീർ സാഹിബും ക്ലാസ്സെടുത്തു. ഈ യോഗത്തിൽ ജില്ലാ കമ്മിറ്റി അംഗങ്ങളും ജമാഅത്ത് പ്രസിഡണ്ടുമാരും ഹാജരായിരുന്നു. ദുആയോടെ യോഗം അവസാനിപ്പിച്ചു.

# പാലക്കാട്, തൃശ്ശൂർ ഭാരവാഹികളുടെ റഫ്രെഷർ കോഴ്സ്

**അലനല്ലൂർ**: പാലക്കാട് ജില്ലാ ഇമാറത്തിന്റെ ആഭിമുഖ്യത്തിൽ അലനല്ലൂർ അഹ്മദിയ്യാ മസ്ജിദിൽ ജില്ലാ ആമിലാ അംഗങ്ങളുടേയും പുതിയ നിയുക്ത ജമാഅത്ത് സ്വദ്ർമാരുടെയും മുബല്ലിഗ് മുഅല്ലിമീങ്ങളുടെയും റഫ്രെഷർ കോഴ്സ് സെപ്തംബർ 22ന് ഞായറാഴ്ച പത്ത് മണിക്ക് ജില്ലാ അമീർ എച്ച് സുലൈമാൻ സാഹിബിന്റെ അധ്യക്ഷതയിൽ നടന്നു. മൗലവി കെ മുഹമ്മദ് സലീം സാഹിബ് ഖുർആൻ പാരായണം നിർവ്വഹിച്ചു. ജനാബ് സി.പി. സിദ്ദീഖ് സാഹിബ് പദ്യം ചൊല്ലി. ഖാദിയാനിൽനിന്ന് വന്ന വിശിഷ്ട അതിഥി മുആവ്വിൻ അഡീഷണൽ നാളിർ തഅ്ലിമുൽ ഖുർആൻ വഖ്ഫെ ആർസി മൗലാനാ മുബശ്ശിർ അഹ്മദ് ആമിൽ റഫ്രെഷർ കോഴ്സ് ഉദ്ഘാടനം ചെയ്തു. അദ്ദേഹത്തിന്റെ പ്രഭാഷണം മൗലവി ഫാഹിൻ സാഹിബ് മുബല്ലിഗ് പാലക്കാട് വിവർത്തനം ചെയ്തു. ജില്ലാ ഇൻചാർജ് മൗലവി കെ. അബ്ദുസ്സലാം, മൗലവി ടി. ശഫീഖ് അഹ് മദ് മുബല്ലിഗ് മണ്ണാർക്കാട്, ജില്ലാ അമീർ സാഹിബ് എന്നിവർ ക്ലാസ്സെടുത്തു. ഉച്ചയ്ക്ക് ശേഷമുള്ള സെഷനിൽ ജനാബ് കെ. ബശീർ സാഹിബ് ഖുർആൻ പാരായണം നിർവ്വഹിച്ചു.

ചർച്ചകൾക്കുശേഷം കൃത്യം 4.30ന് ദുആയോടുകൂടി യോഗം അവസാനിച്ചു.

താഴെ പറയുന്ന തിയതികളിൽ ജമാഅത്തുകളിൽ റഫ്രെഷർ കോഴ്സ് നടന്നു. 21.9.19 ശനിയാഴ്ച അസ്വ്റിനുശേഷം തിരുവഴാംകുന്ന് മുറിയക്കണ്ണി ജമാഅത്തുകളുടെ റഫ്രെഷർ കോഴ്സ് മുറിയക്കണ്ണി മസ്ജിദിൽ നടന്നു. 28.9.19 ശനിയാഴ്ച മഗ്‌രിബിനുശേഷം ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബിന്റെ അധ്യക്ഷതയിൽ കാവശ്ശേരിയിൽ റഫ്രെഷർ കോഴ്സും തർബിയ്യത്ത് യോഗവും നടന്നു. ഖാദിയാനിൽനിന്ന് എത്തിച്ചേർന്ന ഹ്യൂമാനിറ്റി ഫസ്റ്റ് ചെയർമാനും, നാഇബ് നാളിർ ഉമൂറെ ആമയുമായ റഫീഖ് അഹ്മദ് സാഹിബ് ബേഗ് ഈ യോഗത്തിൽ പ്രത്യേകം ക്ലാസ്സെടുത്തു. തുടർന്ന് ജില്ലാ ഇൻചാർജ്ജ് കെ. അബ്ദുസ്സലാം നാഇബ് അമീർ താജുദ്ദീൻ സാഹിബ് ജില്ലാ അമീർ സാഹിബ് ക്ലാസ്സുകളെടുത്തു. പ്രാദേശിക പ്രസിഡന്റ് ജനാബ് ഇസ്മായീൽ സാഹിബ് നന്ദി പറഞ്ഞു. ജനാബ് ഗുലാം അഹ്മദ് സാഹിബ് ഖുർആൻ പാരായണം നടത്തി.

29.9.19 ഞായറാഴ്ച അസ്വ്റിനുശേഷം പ്രാദേശിക പ്രസിഡണ്ട് ജനാബ് എസ്.എം. ലത്തീഫ് സാഹിബിന്റെ അധ്യക്ഷതയിൽ പാലക്കാട് റഫ്രെഷർ കോഴ്സും തർബിയ്യത്ത് യോഗവും നടന്നു. ജില്ലാ ഇൻചാർജ്ജ് കെ. അബ്ദുസ്സലാം, ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബ്, മൗലവി ഫാഹിൻ സാഹിബ് പ്രത്യേകം ക്ലാസ്സുകൾ എടുത്തു. ജനാബ് മൻസ്വൂർ സാഹിബ് ഖുർആൻ പാരായണം നടത്തി.

# മൗലാനാ മുബശിർ അഹ്മദ് ആമിൽ പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ പര്യടനം നടത്തി.

**തിരുവിഴാംകുന്ന്**: മുആവിൻ നാളിർ തഅ്ലിമുൽ ഖുർആൻ വഖ്ഫെ ആർസി മൗലാനാ മുബശ്ശിർ അഹ്മദ് ആമിൽ പാലക്കാട് തൃശ്ശൂർ ജില്ലകളിലെ ആമിലാ അംഗങ്ങളുടെയും പുതിയ നിയുക്ത പ്രസിഡണ്ടുമാരുടെയും മുബല്ലിഗ് മുഅല്ലിമീംകളുടെയും റഫ്രെഷർ കോഴ്സ് 22.9.19ന് രാവിലെ പത്ത് മണിക്ക് അലനല്ലൂർ അഹ്മദിയ്യാ മസ്ജിദിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ അമീർ അധ്യക്ഷനായി. തുടർന്ന് പള്ളിപ്പുറം, ചേലക്കര, കാവശ്ശേരി, പാലക്കാട്, മുറിയക്കണ്ണി ജമാഅത്തുകൾ സന്ദർശിച്ചു. എല്ലാ സ്ഥലത്തും തർബിയ്യത്ത് യോഗങ്ങൾ നടന്നു.

# നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,
'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,
അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.
ismayeel.ha@gmail.com

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin